# ചിന്ത

മാർച്ച് 2022 ₹ 10.00

## Chintha Pusthakavartha
## പുസ്തകവാർത്ത

# കമ്യൂണിസ്റ്റ് പാർട്ടി @ 100



"ഓരോ
രാജ്യത്തിനും
അത്
അർഹിക്കുന്ന
ഫാഷിസം
ലഭിക്കുന്നു"

**ഐജാസ് അഹമ്മദ്**

ചെറുകഥയുടെ
രാജശിൽപ്പി
**ടി പത്മനാഭൻ**

**ചരിത്രത്തിന്റെ
അടയാളമാകുന്ന
പുസ്തകങ്ങൾ**

ടി എം തോമസ് ഐസക്
പി കരുണാകരൻ
പയ്യന്നൂർ കുഞ്ഞിരാമൻ
മധുപാൽ

**കമ്യൂണിസ്റ്റ്
മാനിഫെസ്റ്റോ**
കാലാതീതമായ വായന

# ചിന്ത പുസ്തകവാർത്ത

പുസ്തകം 24 • ലക്കം 2 • മാർച്ച് 2022

## ചിന്തയ്ക്കൊപ്പം ചിന്തിക്കു




ഐജാസ് അഹമ്മദ്

"ദേശീയതയുടെ തീവ്ര വലതുപക്ഷ
പതിപ്പ് ഫാഷിസത്തിന് അടിസ്ഥാന
മായതിനാൽ അത് ആ രാജ്യത്തിന്റെ
ചരിത്രപരവും സാമൂഹികവും രാഷ്ട്രീയ
വുമായ അവസ്ഥകൾക്കും അവയിൽ
നിന്ന് ഉടലെടുത്ത പ്രത്യയശാസ്ത്രത്തി
നും സംഘടനാ രൂപത്തിനും അനു
യോജ്യമായ രൂപമാണ് എടുക്കുന്നത്
എന്നതാണ് ഒരു കാരണം."

"ഓരോ പാട്ടും ഓരോരുത്തർക്കും
ഓരോ രീതിയിലാവും സ്പന്ദിക്കുന്നത്.
പാട്ട് ഹൃദയത്തിന്റെ ഒഴുക്കാണെന്ന്
കരുതും. സന്തോഷത്തിന്റെയും സന്താ
പത്തിന്റെയും കാലത്ത് ആശ്വാസ
ത്തിന്റെ കാറ്റായി വരും. ബാല്യകൗ
മാരയൗവനത്തിന്റെ സഞ്ചാരങ്ങളിൽ
വിയർപ്പിന്റെയും കാത്തുനിൽപിന്റെ
യും ശകാരത്തിന്റെയും വേദനയുടെയും
മഴയും വെയിലുമാകും."



മധുപാൽ



ഇ എം എസ്

"സംഘടിതതൊഴിലാളിവർഗത്തിന്
ശക്തിയുണ്ടെന്ന് കാണിക്കുന്ന ഒന്നായിരുന്നു
തൊഴിലാളികൾ കോഴിക്കോട് നഗരത്തി
ലെ വിവിധ റോഡുകളിലൂടെ സംഘടിതമാ
യി മാർച്ചുചെയ്തത്. അതിനുമുമ്പ് രണ്ടു മൂന്ന്
കൊല്ലമായി കോഴിക്കോട്ടും പരിസരപ്രദേശ
ങ്ങളിലും ഉയർന്നുവന്നിരുന്ന വിവിധ ട്രേഡ്
യൂണിയനുകളുടെ സംയുക്താഭിമുഖ്യത്തിലാ
യിരുന്നു അത് സംഘടിപ്പിക്കപ്പെട്ടത്."

## ഉള്ളടക്കം

07 സിൽവർ ലൈൻ പദ്ധതി
ടി എം തോമസ് ഐസക്

08 ഓരോ രാജ്യത്തിനും
അത് അർഹിക്കുന്ന
ഫാഷിസം ലഭിക്കുന്നു
ഐജാസ് അഹമ്മദ്/
വിജയ് പ്രഷാദ്

10 അനുഭവങ്ങൾ ഓർമ്മകൾ
പി. കരുണാകരൻ

14 ഉത്തരാധുനികത
ഫ്രെഡറിക് ജയിംസൺ

16 ഇലയും പുകയിലയും
പയ്യന്നൂർ കുഞ്ഞിരാമൻ

20 ദേവസംഗീതം
കേൾക്കുന്ന ജീവിതം
മധുപാൽ

25 ഇ എം എസ്
അടയാളങ്ങൾ

**ചിന്ത പബ്ലിഷേഴ്സ്**

എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ,
തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

# ✪ എഡിറ്റോറിയൽ

## ഐജാസ് അഹമ്മദ്
## (1941 – 2022)

കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ താരതമ്യ പഠന വിഭാഗത്തിലെ തലവനായിരിക്കുമ്പോഴും ദന്തഗോപുരവാസിയായ ഒരു അക്കാദമിക് ആയിരുന്നില്ല ഒരിക്കലും ഐജാസ്. അനീതിയും അസമത്വവും നിറഞ്ഞ ഈ ലോകക്രമത്തെ മാറ്റിമറിക്കുവാനുള്ള എല്ലാ യത്നങ്ങളിലും അദ്ദേഹം പങ്കാളിയായിരുന്നു. ഇന്ത്യയെ ഗ്രസിക്കുവാൻ പോകുന്ന ഹിന്ദുത്വ ഫാസിസ്റ്റു രാഷ്ട്രീയത്തെ വളരെ കൃത്യമായി അടയാളപ്പെടുത്തിയ ആദ്യ ചിന്തകരിൽ ഒരാളായിരുന്നു അദ്ദേഹം.

ഇന്ത്യയിലും അമേരിക്കയിലും ചിലവഴിച്ച നാളുകളിലെല്ലാം സി പി ഐ എമ്മിന്റെ സഹയാത്രികനായിരുന്നു ഐജാസ്. കേരളത്തിനും ഏറെ പരിചിതമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സെമിനാറുകളും പ്രഭാഷണ യാത്രകളുമായി അദ്ദേഹം കേരളത്തിൽ നിറഞ്ഞു നിന്നിരുന്നു. അതിവിപുലമായ തന്റെ ഗ്രന്ഥശേഖരം ഇ എം എസ് അക്കാദമിക്ക് നൽകുക വഴി ആ ബന്ധത്തെ അദ്ദേഹം അനശ്വരമാക്കുക കൂടി ചെയ്തിരിക്കുന്നു. ഇടതുപക്ഷ ചിന്തകൾ പുതിയ കാലത്തിന്റെ സമസ്യകൾക്ക് ഉത്തരങ്ങൾ തേടുന്ന ഈ വേളയിൽ ഐജാസിന്റെ വേർപാട് നികത്താനാവാത്ത നഷ്ടമാണ്. അതേസമയം ആ ചിന്തകൾ മനുഷ്യ വിമോചനം കാംക്ഷിക്കുന്ന എല്ലാവർക്കും മുന്നിൽ ദീപസ്തംഭങ്ങളായി എക്കാലവും വഴികാട്ടുക തന്നെ ചെയ്യും.


ഒഴുക്കിനെതിരെയുള്ള നീന്തലായിരിക്കും എക്കാലത്തും ഒരു കമ്മ്യൂണിസ്റ്റിന്റെ ജീവിതമെന്ന് നമ്മെ ആവർത്തിച്ച് ഓർമിപ്പിച്ച ചിന്തകനായിരുന്ന ഐജാസ്. 1992 ലാണ് അദ്ദേഹത്തിന്റെ വിഖ്യാതമായ പുസ്തകം 'ഇൻ തിയറി' പുറത്തിറങ്ങുന്നത്. സോവിയറ്റ് യൂണിയനും കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് ഭരണകൂടങ്ങളും തകർന്നുവീണതിന്റെ അലയൊലികൾ ലോക രാഷ്ട്രീയത്തിൽ മുഴങ്ങിനിന്ന സമയം, അവയ്ക്കാധാരമായി നിലകൊണ്ട മനുഷ്യ വിമോചന പ്രത്യയ ശാസ്ത്രങ്ങളുടെ അടിസ്ഥാനങ്ങൾ തന്നെ ചോദ്യം ചെയ്യപ്പെട്ട കാലം, വർഗ സമീപനങ്ങളും സ്ഥൂല രാഷ്ട്രീയവും ബൃഹദാഖ്യാനങ്ങളുമല്ല സൂക്ഷ്മ രാഷ്ട്രീയ ചലനങ്ങളും സ്വത്വബോധങ്ങളുമാണ് ഭാവി രാഷ്ട്രീയത്തെ നിർണയിക്കാൻ പോകുന്നതെന്ന് അക്കാദമിക ലോകത്തെ സാമൂഹ്യ ശാസ്ത്രചിന്തകർ വിധിയെഴുതിയ നാളുകൾ. ഐജാസിന്റെ ചിന്തകൾ ഇതിനെതിരെ തീർത്ത പ്രതിരോധത്തിന്റെ പ്രാധാന്യം വളരെ വലുതായിരുന്നു. സാഹിത്യ വിമർശനവും വർഗീയ ഫാസിസ്റ്റു രാഷ്ട്രീയത്തിന്റെ വേരുകൾ തേടിയുള്ള അന്വേഷണവും ഏഷ്യൻ രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക ചലനങ്ങളുടെ സൂക്ഷ്മ പഠനങ്ങളുമൊക്കെയായി അത് നീണ്ടു പരന്നു കിടക്കുന്നു. അതിനൊപ്പം ഗസലുകളും ഉറുദു കവിതകളും കൂടി ഇടകലർന്ന സഹൃദയത്വവും.

# കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ
# കാലാതീതമായ വായന




₹160

ചരിത്രം/
രാഷ്ട്രീയം




₹300

## കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ

**മാർക്സ് എംഗൽസ്**

ബൂർഷ്വാസി, അതിനു പ്രാബല്യം ലഭിച്ച പ്രദേശങ്ങളിലെല്ലാംതന്നെ, എല്ലാ ഫ്യൂഡൽ, 'പാട്രിയാർക്കൽ' (ഗോത്രാധിപത്യ), അകൃത്രിമ ഗ്രാമീണബന്ധങ്ങൾക്കും അറുതിവരുത്തി. മനുഷ്യനെ അയാളുടെ 'സ്വാഭാവികമേലാളന്മാരു'മായി കൂട്ടിക്കെട്ടിയിരുന്ന നാട്ടുവാഴിത്തചരടുകളുടെ നൂലാമാലയെ അതു നിഷ്കരുണം കീറിപ്പറിച്ചു. മനുഷ്യനും മനുഷ്യനും തമ്മിൽ, നഗ്നമായ സ്വാർഥമൊഴികെ, ഹൃദയശൂന്യമായ 'റൊക്കം പൈസ'യൊഴികെ, മറ്റൊരു ബന്ധവും അതു ബാക്കിവച്ചില്ല. മതത്തിന്റെ പേരിലുള്ള ആവേശത്തിന്റെയും നിസ്വാർഥമായ വീരശൂരപരാക്രമങ്ങളുടെയും, മൂഢമതികളുടെ വികാരപരതയുടെയും ഏറ്റവും ദിവ്യമായ ആനന്ദനിർവൃതികളെ അതു സ്വാർഥപരമായ കണക്കുകൂട്ടലിന്റെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിയോഗ്യതയെ അതു വിനിമയമൂല്യത്തിൽ അലിയിച്ചു. അലംഘനീയങ്ങളായ അസംഖ്യം പ്രത്യേകാവകാശങ്ങളുടെ സ്ഥാനത്ത് അത് ഹൃദയശൂന്യമായ ഒരൊറ്റ അവകാശത്തെ-സ്വതന്ത്രവ്യാപാരത്തെ-പ്രതിഷ്ഠിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ, മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ തിരശ്ശീലകൊണ്ടു മൂടിയ ചൂഷണത്തിനു പകരം നഗ്നവും നിർലജ്ജവും പ്രത്യക്ഷവും മൃഗീയവുമായ ചൂഷണം അതു നടപ്പാക്കി.

## കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ
## സമകാലിക വായന

**പി രാജീവ്**

എക്കാലത്തെയും ശാശ്വതസത്യങ്ങൾ എന്ന നിലയ്ക്കല്ല, ഓരോ കാലഘട്ടത്തിലെയും യാഥാർത്ഥ്യങ്ങളോട് പ്രതിപ്രവർത്തിച്ചു നിരന്തരമായി  നവീകരിക്കപ്പെടുന്നവയായിരിക്കണം സാമൂഹിക ശാസ്ത്ര സിദ്ധാന്തങ്ങൾ. ഈയൊരു കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ടാണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന അനശ്വര കൃതിയെ സമകാലിക വായനയ്ക്കു രാജീവ് വിധേയമാക്കുന്നത്. ഉള്ളടക്കത്തിൽ മാത്രമല്ല അവതരണത്തിലും പുതിയ കാലത്തിന്റെ അഭിരുചികളോട് ചേർന്ന് പോകാൻ ശ്രമിക്കുകയാണിവിടെ. മാധ്യമ സമന്വയത്തിന്റെ ഈ കാലത്ത് ദൃശ്യശ്രാവ്യരൂപത്തിലും ഈ പുസ്തകത്തിലെ ഉള്ളടക്കം അറിയാനാവും. സമകാലിക കേരളത്തിന് ഏറ്റവും പ്രിയങ്കരമായ സുനിൽ പി ഇളയിടത്തിന്റെ ശബ്ദത്തിലൂടെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ ശ്രവിക്കാനുള്ള അവസരവും ലഭ്യമാക്കുന്നു. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ പൂർണ്ണരൂപവും ഈ ഗ്രന്ഥത്തിൽ ഉൾച്ചേർത്തിരിക്കുന്നു.


# ചരിത്രം / രാഷ്ട്രീയം




₹400




₹400




₹400

## കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം

### ആദ്യ മൂന്ന് ഭാഗങ്ങൾ

**കേരളം ഇന്നത്തെ നിലയിലേക്ക് വളർന്നതിന്റെ ചരിത്രം വസ്തുനിഷ്ഠമായി പരിശോധിക്കുന്ന ഗ്രന്ഥപരമ്പര ഏത് ലൈബ്രറിയും സൂക്ഷിക്കേണ്ട റഫറൻസ് ഗ്രന്ഥങ്ങൾ.**

## മാർക്സിസ്റ്റ് ക്ലാസിക്കുകൾ

### മാർക്സിസവും സോഷ്യലിസവും

**ഡോ. കെ എൻ ഗണേഷ്**

മാർക്സിസ്റ്റ് ക്ലാസിക്കുകൾ മലയാളത്തിനു പരിചയപ്പെടുത്തുന്ന പുസ്തകം. പുതിയ കാലത്തിന്റെ സാമൂഹിക രാഷ്ട്രീയ സന്ദർഭങ്ങളിൽ നിന്നുള്ള വിശകലനങ്ങൾ.

₹400





## ചരിത്രപരമായ ഭൗതികവാദം

**മാർക്സ്, എംഗൽസ്, ലെനിൻ**

ചരിത്രത്തെ സംബന്ധിച്ച മാർക്സിസ്റ്റ് ദർശനമാണ് ചരിത്രപരമായ ഭൗതികവാദം. ചരിത്രപരമായ ഭൗതികവാദത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെപ്പറ്റി മാർക്സും എംഗൽസും ലെനിനും എഴുതിയിട്ടുള്ളത് പല ഗ്രന്ഥങ്ങളിലായി ചിതറിക്കിടക്കുന്നു. അവയിൽനിന്നും ഏറെ പ്രസക്തമായവയെ ഒരു ഗ്രന്ഥത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ഈ പുസ്തകം.

₹190






# എന്തുകൊണ്ട് കെ റെയിൽ

**ഡോ. ടി എം തോമസ് ഐസക്**

കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കുന്ന കെ റെയിൽ പദ്ധതിയെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഡോ. തോമസ് ഐസക് ഇവിടെ നടത്തിയിരിക്കുന്നത്. കേരളത്തിലെ സമീപകാല വികസന പദ്ധതികൾ പലതും ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും പ്രധാന പങ്കുവഹിച്ചയാളാണ് ഡോ. തോമസ് ഐസക്. അക്കാദമിക് തലത്തിലും പ്രായോഗിക തലത്തിലും അദ്ദേഹത്തിനുള്ള അറിവും അനുഭവവും ഈ പുസ്തകത്തിലുടനീളം പ്രതിഫലിക്കുന്നുണ്ട്. കേരളത്തിൽ നടന്നുവരുന്ന കെ റെയിൽ സംവാദത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നായിരിക്കും

# സിൽവർ ലൈൻ പദ്ധതി

**ഡോ. ടി എം തോമസ് ഐസക്**

**കേ**രളത്തിന്റെ തെക്കേ അറ്റമായ തിരുവനന്തപുരത്ത് നിന്ന് വടക്കേ അറ്റമായ കാസർഗോഡേക്ക് വെറും നാലു മണിക്കൂറുകൊണ്ട് എത്തിച്ചേരാൻ കഴിയുന്ന അർദ്ധ-അതിവേഗ റെയിൽവേ പദ്ധതിയാണ് സിൽവർലൈൻ. ഈ ഗ്രന്ഥത്തിൽ സിൽവർ ലൈൻ കെ-റെയിൽ എന്ന പേരുകൾ പദ്ധതിയെ വിശേഷിപ്പിക്കാൻ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (KRDCL) കെ-റെയിൽ കമ്പനിയെന്നും വിളിക്കുന്നു. 2016-ലാണ് കേന്ദ്ര മന്ത്രിസഭ സംയുക്ത സംരംഭമായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കുന്നതിന് അനുമതി നൽകിയത്. റെയിൽവേയുടേയും കേരള സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സംയുക്ത സംരംഭമാണ്. 49 ശതമാനം ഷെയറുകൾ റെയിൽവേയ്ക്കും 51 ശതമാനം ഷെയറുകൾ കേരള സർക്കാരിന്റേതുമാണ്.

2019-ൽ കേന്ദ്രസർക്കാർ 529 കിലോമീറ്റർ നീളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഈ അർദ്ധ അതിവേഗ പാതയ്ക്ക് തത്വത്തിൽ അനുമതി നൽകി. മണിക്കൂറിൽ 200 കിലോമീറ്ററായിരിക്കും വേഗത. ഇന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്യാൻ റെയിൽ മാർഗവും റോഡ് മാർഗവും 10 മുതൽ 12 മണിക്കൂർ വരെ സമയമെടുക്കും. സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നത് വഴി വെറും 3 മണിക്കൂർ 54 മിനിറ്റിൽ തിരുവനന്തപുരത്ത് നിന്ന് കാസർഗോഡ് എത്താം. സാധാരണ എറണാകുളം - തിരുവനന്തപുരം യാത്രയ്ക്ക് 6 മണിക്കൂർ വരെയെടുക്കും.

തിരക്കുകൂടിയ മണിക്കൂറുകളിൽ ആദ്യവർഷം ഓരോ 20 മിനിറ്റിലും ഒരു ട്രിപ്പ് വീതം ഒരു വശത്തേക്ക് ഉണ്ടാകും. അതു പിന്നീട് 10 മിനിറ്റിൽ ഒന്നായി വർദ്ധിപ്പിക്കാനാണു പരിപാടി. തുടക്കത്തിൽ ഒരു വശത്തേക്ക് 37 ട്രിപ്പ് വീതമുണ്ടാകും. അതു ക്രമേണ 65 ട്രിപ്പായി വർദ്ധിപ്പിക്കും. ഇതുമൂലം നീണ്ട കാത്തിരിപ്പില്ലാതെ ട്രെയിൻ യാത്ര സാദ്ധ്യമാകും.

തുടക്കത്തിൽ ഒരു ട്രെയിനിൽ 675 പേർക്ക് യാത്ര ചെയ്യാവുന്ന 9 ബോഗികളാണ് ഉണ്ടാവുക. അതു ക്രമേണ 1800 പേർക്ക് യാത്ര ചെയ്യാവുന്ന 24 ബോഗികളായി വർദ്ധിപ്പിക്കും. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി വിമാനത്താവളം, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർ ഗോഡ് എന്നിങ്ങനെ 11 സ്റ്റേഷനുകളിലൂടെയാണ് സിൽവർലൈൻ കടന്നുപോകുന്നത്.


2025-ഓടെ പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്ന പദ്ധതിയുടെ ആകെ ചെലവ് 63,941 കോടി രൂപയാണ്. ഇതിൽ 53 ശതമാനം വായ്പയായിരിക്കും. ഏതാണ്ട് 5 ശതമാനം വീതം സംസ്ഥാനവും റെയിൽവേയും നൽകും. സ്റ്റാൻഡേർഡ് ഗേജിൽ ഇരട്ട ലൈൻ ഉള്ള പാതയാവും ഉണ്ടാവുക. സെമി ഹൈസ്പീഡ് ട്രെയിൻ പരമാവധി സൗരോർജം ഉപയോഗിച്ചായിരിക്കും ഓടുക. 11 സ്റ്റേഷനുകളിൽ കണ്ണൂരിൽ മാത്രമാണ് ഭൂഗർഭ സ്റ്റേഷൻ നിർദേശിക്കപ്പെട്ടിട്ടുള്ളത്. കൊച്ചുവേളി, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ എലിവേറ്റഡ് സ്റ്റേഷനുകളും ബാക്കിയുള്ളവ സാധാരണ രീതിയിലുള്ളവയുമാണ്. കൊല്ലം, കാസർഗോഡ് എന്നിവിടങ്ങളിൽ വർക്ക്ഷോപ്പ്, ഇൻസ്പെക്ഷൻ ഷെഡ് എന്നിവ ഉണ്ടായിരിക്കും.

യാത്രാ വേഗത വർദ്ധിപ്പിക്കുക മാത്രമല്ല, അപകടങ്ങളും ഗണ്യമായി കുറയ്ക്കും. മലിനീകരണം തുലോം തുച്ഛമായിരിക്കും. 10000 പേർക്ക് ജോലി ലഭ്യമാകും. അതിലുപരി ടൂറിസത്തിനും സംസ്ഥാനത്തെ പുതിയ വ്യവസായ മേഖലകൾക്കും വലിയ ഉത്തേജകമാകും. അങ്ങനെ ആഗോളമായി വളർന്നുകൊണ്ടിരിക്കുന്ന ഹൈസ്പീഡ് റെയിൽ ശൃംഖ ലയിൽ കേരളവും പങ്കാളിയാവുന്നു. മറ്റ് രാജ്യങ്ങളിലെല്ലാം വരുന്നതുകൊണ്ട് കേരളത്തിലും ഹൈസ്പീഡ് റെയിൽ വേണമെന്ന ഒരു യാന്ത്രിക വാദം മുന്നോട്ട് വയ്ക്കുകയാണെന്ന് ആരും കരുതരുത്. നമുക്ക് നമ്മുടെ മൂർത്തമായ അനുഭവങ്ങളുടെയും സ്ഥിതിഗതികളുടെയും അടിസ്ഥാനത്തിൽവേണം തീരുമാനങ്ങളെടുക്കാൻ. പക്ഷേ, വിശദമായി ആഗോളപ്രവണതകളെക്കുറിച്ചു സൂചിപ്പിച്ചത് ഹൈസ്പീഡ് റെയിൽ എന്നു പറഞ്ഞാൽ എന്തോ വലിയൊരു വിനാശം അവതരിക്കുന്നുവെന്ന രീതിയിലുള്ള പ്രചാരണങ്ങൾ നടക്കുന്നതുകൊണ്ടാണ്. ലോകത്തെല്ലാം നടക്കുന്ന ഗതാഗത രീതി കേരളത്തിൽ വന്നാൽ കേരളം പിളർന്നുപോകും, വെള്ളപ്പൊക്കത്തിൽ മുങ്ങും, കടത്തിൽ മുടിയും എന്നൊക്കെ പറഞ്ഞ് മനുഷ്യരെ വിരട്ടരുത്.

(പുസ്തകത്തിൽനിന്ന്)

# ഓരോ രാജ്യത്തിനും അത് അർഹിക്കുന്ന ഫാഷിസം ലഭിക്കുന്നു

**ഐജാസ് അഹമ്മദ്/വിജയ് പ്രഷാദ്**






**വിഖ്യാത മാർക്സിസ്റ്റ് പണ്ഡിതൻ ഐജാസ് അഹമ്മദുമായി മാർക്സിസ്റ്റ് ചരിത്രകാരനും മാധ്യമ പ്രവർത്തകനുമായ വിജയ് പ്രഷാദ് നടത്തിയ ദീർഘമായ അഭിമുഖത്തിൽ നിന്നുമുള്ള ചില ഭാഗങ്ങളാണിവിടെ ചേർത്തിരിക്കുന്നത്. ഐജാസ് അഹമ്മദിന്റെ ധൈഷണിക ജീവിതത്തിലൂടെ സമഗ്രമായി സഞ്ചരിക്കുന്ന ഈ ദീർഘമായ സംഭാഷണം 'Nothing Human is Alien to me' എന്ന പേരിൽ ലെഫ്റ്റ്‌വേഡ് ബുക്ക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിന്ത പബ്ലിഷേഴ്സ് ഇത് മലയാളത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നു.**

*വിജയ് പ്രഷാദ്: നിങ്ങൾക്ക് അറിയാമോ, നിങ്ങളുടെ എഴുത്തുകളിൽ വ്യക്തിപരമായി എന്റെ ഓർമയിൽ തങ്ങി നിൽക്കുന്ന ഒരുപാട് വരികളും സമവാക്യങ്ങളുമുണ്ട്. ഒരു പക്ഷെ, താങ്കളുടേതായി ഞാൻ ഏറ്റവും കൂടുതൽ ഉദ്ധരിച്ച വാചകം 'ഓരോ രാജ്യത്തിനും അത് അർഹിക്കുന്ന ഫാഷിസം ലഭിക്കുന്നു' എന്നതായിരിക്കും. ബിജെപിയെയും ആർ എസ് എസിനെയും ഇന്ത്യൻ ഗവൺമെന്റിനെയും കുറിച്ചുള്ള കണിശതയാർന്ന താങ്കളുടെ എഴുത്തുകൾക്കുള്ള ഒരു മുഖവുര എന്ന നിലയിൽ ഇക്കാര്യങ്ങളെ വിശദീകരിക്കാമോ?*

● ആ വാചകത്തിലെ 'അർഹതപ്പെട്ടത്' എന്ന പ്രയോഗമായിരിക്കും ഒരുപക്ഷെ നിങ്ങളെ ഏറ്റവും സ്പർശിച്ചിട്ടുണ്ടാവുക. വിപ്ലവം യാഥാർഥ്യമാക്കാത്തതിന് നമുക്ക് കിട്ടിയ തക്കതായ പ്രതിഫലമാണ് ഫാഷിസം എന്ന ക്ലാരാ സെത്കിന്റെ പ്രസിദ്ധമായ പ്രസ്താവനയെ ചുറ്റിപ്പറ്റി രൂപപ്പെടുത്തിയതാണ് ആ വാചകത്തിന്റെ മൊത്തത്തിലുള്ള ഘടന. 'തക്കതായ പ്രതിഫലം' എന്ന പ്രയോഗമാണ് 'അർഹതപ്പെട്ടത്' എന്ന വാക്കിലേക്ക് എന്നെ എത്തിച്ചത്. അതിനപ്പുറം, യഥാർഥമായ ചരിത്രാനുഭവങ്ങൾ ഉണ്ട്. ജർമൻ നാഷണൽ സോഷ്യലിസത്തെയും ഇറ്റാലിയൻ ഫാഷിസത്തെയും നിങ്ങൾ എത്ര ആഴത്തിൽ പഠിക്കുമ്പോഴും സമാനതകളേക്കാൾ വൈരുദ്ധ്യങ്ങളാണ് മുഴച്ച് നിൽക്കുന്നതെന്ന് കാണാം. ഫാഷിസം വിജയകരമായെന്ന് കണക്കാക്കപ്പെടുന്ന രാജ്യങ്ങളുടെ പട്ടികയിൽ പെടുന്നതാണ് സ്പെയിനും പോർച്ചുഗലും. ഫാഷിസത്തിന്റെ മൗലികമായ സ്വഭാവങ്ങളിൽ ചിലത് ഇല്ലാത്തവയെ സ്വേച്ഛാധിപത്യമായി (Dictatorship) കണക്കാക്കണമെന്ന ശക്തമായ വാദം Poulantzas മുന്നോട്ട് വെക്കുന്നുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഫാഷിസത്തിന്റേതായ സവിശേഷതകളുടെയും സൈനിക സ്വേച്ഛാധിപത്യത്തിന്റെയും ഒരു സംയോജനം. ഇക്കാലത്ത് ലിബറൽ, ഫാഷിസ്റ്റിക് സംയോജനത്തിന്റെ വ്യത്യസ്ത രൂപങ്ങൾക്കാണ് നമ്മൾ സാക്ഷികളാകുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ചരിത്രമാണ് ഒരു രാജ്യത്തെ അതെന്താണെന്ന് നിർണയിക്കുന്നത്. അതുകൊണ്ട് തന്നെ ആ രാജ്യത്തിന്റെ സവിശേഷമായ സ്വഭാവത്തിന് അനുരൂപമായ രാഷ്ട്രീയ മുന്നേറ്റങ്ങൾ അനിവാര്യമാണ്, അത് ഇടതാണെങ്കിലും വലതാണെങ്കിലും.

*ഇവിടെ വൈരുദ്ധ്യാത്മകമായ ഒരു കാഴ്ചപ്പാട് എനിക്കുണ്ട്. കുത്തക മൂലധനത്തിന്റെ (Monopoly capitalism) കാലത്ത് എല്ലാ മുതലാളിത്ത രാഷ്ട്രങ്ങളിലെയും ഒരു പൊതുവായ പ്രതിഭാസമാണ് ഫാഷിസത്തിലേക്കുള്ള ചായ്വ്. പക്ഷെ, ക്ലാസിക്കൽ അർഥത്തിലുള്ള ഫാഷിസം പൂർണ വിജയത്തിലെത്തിയത് വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമാണ്. മാത്രവുമല്ല, ഒരിക്കലും രണ്ട് ഫാഷിസങ്ങൾ ഒരേ രൂപം ധരിച്ചിട്ടില്ല. എന്തുകൊണ്ടാണ് അങ്ങനെ?*

● ദേശീയതയുടെ തീവ്ര വലതുപക്ഷ പതിപ്പ് ഫാഷിസത്തിന് അടിസ്ഥാനമായതിനാൽ അത് ആ രാജ്യത്തിന്റെ ചരിത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ അവസ്ഥകൾക്കും അവയിൽ നിന്ന് ഉടലെടുത്ത പ്രത്യയശാസ്ത്രത്തിനും സംഘടനാ രൂപത്തിനും അനുയോജ്യമായ രൂപമാണ് എടുക്കുന്നത് എന്നതാണ് ഒരു കാരണം. ഹിന്ദു ഇന്ത്യക്ക് പ്രത്യേകമായുള്ള രാഷ്ട്രീയ, മത, സാമൂഹിക, ചരിത്ര സാഹചര്യങ്ങൾ കൃത്യമായി മനസിലാക്കിയില്ലെങ്കിൽ, നാസിസത്തെക്കുറിച്ചുള്ള എല്ലാ പഠനങ്ങളും ഫാഷിസത്തിന്റെ ആർഎസ്എസ് ബ്രാൻഡിനെക്കുറിച്ച് നിങ്ങളെ കൂടുതൽ പഠിപ്പിക്കില്ല. തന്ത്രപരമായി പറഞ്ഞാൽ, ഒരു ഫാഷിസം മറ്റൊരു രാജ്യത്തെ ഫാഷിസവുമായി എന്ത് പങ്കുവെക്കുമെന്നതിലും അത് സംഘടിത രൂപമെടുക്കുന്ന രാജ്യത്തിന്റെ സവിശേഷമായ ചരിത്രത്തിനും രാഷ്ട്രീയത്തിനും അനുസൃതമായി അത് ഉണ്ടാക്കിയ നൂതനത്വങ്ങളിലേക്കും നാം കുറച്ച് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. യൂറോപ്യൻ ഫാസിസങ്ങളുമായുള്ള ആർഎസ്എസ് ഫാസിസത്തിന്റെ സാമ്യം യഥാർത്ഥത്തിൽ ഉപരിപ്ലവമാണ്. അതിന്റെ തനതായ മൗലികതയുടെ അടയാളങ്ങൾ എണ്ണമറ്റതാണ്. ആ അടയാളങ്ങൾ നമ്മൾ തിരിച്ചറിയുന്നില്ല, കാരണം അത് മനസ്സിലാക്കുന്നതിനേക്കാൾ അതിനെ അപലപിക്കുന്നതിൽ

നമ്മൾക്ക് തല്പരരാണ്. അതൊരു ധാർമ്മിക നിലപാടാണ്, രാഷ്ട്രീയമല്ല.

നിങ്ങൾക്കറിയാവുന്നതുപോലെ, ഫാഷിസത്തെക്കുറിച്ചുള്ള എന്റെ ചിന്തയുടെ വേരുകളിൽ ചിലത് ആഴ്ന്നിറങ്ങിയിരിക്കുന്നത് ഗ്രാംഷിയിലേക്കാണ്. അദ്ദേഹം സ്വയം ഒരു വലിയ ചോദ്യം ഉന്നയിച്ചു: ഇറ്റാലിയൻ സമൂഹത്തെയും ചരിത്രത്തെയും ഇത്ര എളുപ്പത്തിൽ കൈപ്പിടിയിലാക്കാൻ ഫാസിസ്റ്റുകൾക്ക് വഴിയൊരുക്കിയത് എന്താണ്? 1871-ൽ ഒരു സ്വതന്ത്ര ഏകീകൃത ഇറ്റാലിയൻ രാഷ്ട്രത്തിന്റെ ആവിർഭാവത്തിൽ കലാശിച്ച സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമായ റിസോർജിമെന്റോ (Risorgimento) മുന്നോട്ടുവച്ച ദേശീയതയുടെ പോരായ്മകൾ എന്തൊക്കെയാണ്? അരനൂറ്റാണ്ടിനുശേഷം, ദേശീയതയുടെ മറ്റൊരു വകഭേദം- ഫാഷിസ്റ്റ് ദേശീയത- അതേ രാഷ്ട്രത്തെ വിഴുങ്ങി. എന്തുകൊണ്ടാണത്? മുൻകാലങ്ങളിലെ ശക്തവും ഐക്യസ്വഭാവമുള്ളതുമായ ദേശീയത, അക്കാലത്ത് വലിയ സ്വാധീനമുണ്ടായിരുന്ന ഒരു സോഷ്യലിസ്റ്റ് പാർട്ടിയായ വർക്കേഴ്സ് കൗൺസിൽ പ്രസ്ഥാനത്തിന്റെ പൈതൃകം, തൊട്ടടുത്ത പശ്ചാത്തലത്തിൽ നടന്ന 1919 ലെ വിപ്ലവം- ഇവയെല്ലാം തൂത്തെറിയപ്പെട്ടു. അതിനാലാണ്, ഇറ്റാലിയൻ ചരിത്രത്തെ, സമൂഹത്തെ, ജനപ്രിയ സാഹിത്യത്തെ- എല്ലാറ്റിനെയും മനസ്സിലാക്കുകയും പുനർവ്യാഖ്യാനിക്കുകയും ചെയ്യുന്ന പദ്ധതിയിൽ വത്തിക്കാനിലെ ഉന്നതശ്രേണിയിൽ ഉള്ളവർ മുതൽ ഇറ്റാലിയൻ തൊഴിലാളിവർഗം വരെ വായിക്കുന്ന നോവലുകൾ വരെയുള്ളതെല്ലാം ഉൾപ്പെട്ടത്. യാഥാർഥ്യം മനസ്സിലാക്കാൻ നാം ബാധ്യസ്ഥരാണ്; കാരണം ഹെഗൽ പറഞ്ഞതുപോലെ- 'യാഥാർഥ്യം യുക്തിസഹമാണ്'. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യാഥാർത്ഥ്യമെങ്ങനെ രൂപംകൊള്ളുന്നു എന്നതിന് ചരിത്രത്തിലും സാമൂഹ്യഘടനയിലും വേരുകളുള്ള നിയതമായ കാരണങ്ങളുണ്ട്. ചില പ്രത്യേക ഘടകങ്ങൾ ഒത്തുവരുകയും അവ സാമൂഹ്യഘടനയിൽ ആഴത്തിൽ വേരൂന്നുകയും ചെയ്യുമ്പോൾ മാത്രമാണ് ഫാഷിസത്തിന്റെ വിജയവും സാധ്യമാകുന്നത്.

കഴിഞ്ഞ കാൽനൂറ്റാണ്ടിന്റെ നല്ലൊരു ഭാഗം ഞാൻ നീക്കിവച്ചത് നാസിസത്തെക്കുറിച്ചും, പ്രത്യേകിച്ച് ആധുനിക ഫാഷിസങ്ങളെക്കുറിച്ചും, പൊതുവിൽ യൂറോപ്പിലെ പ്രതിവിപ്ലവ-വലതുപക്ഷത്തെക്കുറിച്ചുമെല്ലാം പഠിക്കാനാണ്. നാസിസവും ഫാഷിസവും ഉടലെടുത്ത സാഹചര്യം വീണ്ടും ആവർത്തിക്കില്ലെന്ന വിശ്വാസത്തിലേക്കാണ് ഞാൻ എത്തിച്ചേർന്നത്. അതിനാൽ, നാം ഏത് തരത്തിലുള്ള രാജ്യമാണ്(അല്ലെങ്കിൽ ആയിരുന്നു), ഇവിടെ നിലനിൽക്കുന്ന സാമൂഹ്യഘടനകളേതെല്ലാം, ഇന്നാട്ടിലെ ആശയസാന്ദ്രതയെന്ത്, ആ ആശയങ്ങൾ പ്രവർത്തിച്ചത് ഏതെല്ലാം സാമൂഹ്യസ്ഥാപനങ്ങളിലൂടെയാണ് എന്നീ ഘടകങ്ങളെല്ലാം പരിഗണിക്കേണ്ടതായി വരും. ഈ പറഞ്ഞ സാമൂഹ്യസ്ഥാപനങ്ങളിൽ ചിലത് വളരെ പഴക്കം ചെന്നവയായിരിക്കാം; ഒരുപക്ഷേ യൂറോപ്പുമായുള്ള നമ്മുടെ സമ്പർക്കത്തെക്കാൾ പഴയവ. വിശാലമായ യൂറോപ്യൻ ചിന്തയോടും അതിന്റെ എല്ലാ യുക്തിഹീനതകളോടുമുള്ള കൊളോണിയൽ കാലത്തെ നമ്മുടെ സമ്പർക്കത്തോടെ, കൊളോണിയലിസത്തേക്കാൾ വളരെ പഴക്കമുള്ള ഇവ യൂറോപ്പിൽ നിന്നുവന്നവയോട് ചേർന്ന് കൂടുതൽ സ്പഷ്ടമാകുന്നു. ആളിക്കത്തുന്ന നമ്മുടെ സ്വന്തം മത,ജാതി,വർഗീയ സംഘട്ടനങ്ങളിലേക്ക് തീവ്രവലതുപക്ഷത്തിന്റെ യൂറോപ്യൻ രൂപങ്ങൾ പരകായ പ്രവേശം നടത്തി ഒരേസമയം അനുകരണവും മൗലികതയും സൃഷ്ടിക്കുന്നു. ഇതിനെയാണ് ഞാൻ 'അനുകരണാത്മകമായ മൗലികത' എന്ന് വിളിക്കുന്നത്- അന്യനാടുകളുടെ സുവ്യക്തമായ അടയാളങ്ങൾ പേറുന്ന, എന്നാൽ നിയതമായ ഇന്ത്യൻ പ്രതിഭാസം.

വിവർത്തനം: **ശില്പ ഷാജി**


## Statement of Ownership and Other particulars about Newspaper Chintha Pustakavartha

| | | |
|---|---|---|
| 1. | Title of the News Paper | : Chintha Pusthaka Vartha |
| 2. | Language (s) in which it is to be published | : Malayalam |
| 3. | Periodicity of its Publication | |
| | a. Whether a daily, triweekly, bi-weekly, weekly, fortnightly or otherwise | : Monthly |
| | b. In the case of daily please state whether it is a morning or evening News paper | : NA |
| | c. In the case of a Newspaper other than a daily, please state the day (s) date (s) of which it is to be published | : 20th day of every month |
| 4. | Retail selling price of the News Paper per copy | : Ten Rupees |
| | a. If the News paper is for free distribution please state that it is for free distribution | : NA |
| | b. If it had only annual subscription and no retail price please state the annual subscription | : NA |
| 5. | Publisher's Name | : M A Baby |
| | Nationality | : Indian |
| | Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram 695 034, Kerala |
| 6. | Place of Publication (please give complete postal address) | : Chintha Publishers<br>Deshabhimani Road, P B No: 172<br>Thiruvananthapuram- 695 001, Kerala |
| 7. | Printer's Name | : M A Baby |
| | Nationality | : Indian |
| | Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram- 695 034, Kerala |
| 8. | Name (s) of the Printing Press (es) where printing is to be conducted and the true and precis declaration of the premises on which the press (es) is / are installed | : Akshara Offset,<br>Vanchiyoor, Thiruvananthapuram, Kerala |
| 9. | Editor's Name | : M A Baby |
| | Nationality | : Indian |
| | Address | : CPI (M) Kerala State Committee<br>AKG Centre, Thiruvananthapuram 695 034, Kerala |
| 10. | Owner's Name (s) | |
| a. | Please state the particulars of the individualsor of the firm joint stock company trust, co-operative society or association which own the newspaper | : Chintha Publishers<br>Thiruvananthapuram |
| b. | Please state whether the owner owns any other newspaper and if so, its name, periodicity language and place of publication | : No |
| 11. | Please state whether the declaration is in respect of | |
| a. | A new newspaper, or | : A New Newspaper |
| b. | An Existing Newspaper | : NA |
| c. | In case the declaration falls under item (b) the reasons for filling the fresh declaration | |

I, M A Baby hereby declare that the particulars given above are true to the best of Knowledge and belief.

Thiruvananthapuram
Date: 20.03.2022

(SD/) M A Baby
Publisher




## അനുഭവങ്ങൾ ഓർമകൾ

**പി കരുണാകരൻ**

₹330

ഇടവേളകളില്ലാത്ത പ്രവർത്തനമാണ് ഒരു കമ്യൂണിസ്റ്റുകാരന്റെ ജീവിതം. ഓർമ്മത്തുണ്ടുകൾ ചേർത്തുവച്ച സങ്കല്പമാളികയല്ല പി കരുണാകരന്റെ അനുഭവങ്ങൾ ഓർമകൾ. മായ്ച്ചാലും മായ്ക്കാത്ത ഓർമകളുടെ പുസ്തകമാണിത്. സാധാരണമായ ഒരു ഗ്രാമത്തിലെ രാഷ്ട്രീയ പ്രവർത്തനം മുതൽ ജനാധിപത്യത്തിന്റെ അത്യുന്നത ഗോപുരമായ പാർലമെന്റുവരെ പോരാടി ജീവിച്ച പി കരുണാകരന്റെ ഈ ജീവിതകഥ ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ ഓർമ്മകളുടെ സാകല്യമാണ്.

# അനുഭവങ്ങൾ ഓർമ്മകൾ

## പി. കരുണാകരൻ


**സാ**മ്രാജ്യത്തെ വിരുദ്ധ പോരാട്ടത്തിന്റെ ശക്തമായ ചരിത്രത്താൽ അഭിമാനിക്കുന്ന കയ്യൂരും മുനയൻകുന്നുമൊക്കെ ഉൾപ്പെടുന്ന പ്രദേശമാണ് സപ്തഭാഷാ സംഗമഭൂമിയായ കാസർഗോഡ്. തെയ്യവും യക്ഷഗാനവുമൊക്കെ ഇന്നാടിന്റെ കലാരൂപങ്ങളാണ്. മഹാകവി ഗോവിന്ദ പൈ, പി കുഞ്ഞിരാമൻ നായർ, വിദ്വാൻ പി കേളുനായർ, ടി എസ് തിരുമുമ്പ്, കെ മാധവൻ, എം എസ് പുണിഞ്ചിത്തായ, കിഞ്ഞണ്ണ റൈ തുടങ്ങി നിരവധി പ്രഗത്ഭരുടെ സാന്നിദ്ധ്യം കൊണ്ട് പ്രശസ്തമാണ് കാസർകോട്. 1984 മെയ് 24 ന് കണ്ണൂർ ജില്ല വിഭജിച്ച് കാസർഗോഡ് ജില്ല രൂപീകൃതമായി. പാർട്ടിയുടെ പുതിയ ജില്ലാ ഘടകം നിലവിൽ വന്നു. ആദ്യത്തെ ജില്ലാ സെക്രട്ടറിയായി എന്നെ തിരഞ്ഞെടുത്തു. അന്ന് പാർട്ടിക്ക് ജില്ലയിൽ ഇത്രയധികം ജനസ്വാധീനം ഉണ്ടായിരുന്നില്ല. 19 പേരടങ്ങുന്ന ജില്ലാ കമ്മിറ്റിയാണ് ആദ്യം രൂപീകരിച്ചത്. പുതിയ ജില്ലാ കമ്മിറ്റി വന്നതോടെ എല്ലാ വർഗ്ഗ ബഹുജന സംഘടനകളുടേയും കമ്മിറ്റികൾ രൂപീകൃതമായി. ഏഴ് പേരുള്ള പാർട്ടി ജില്ലാ സെക്രട്ടറിയേറ്റ് രൂപീകരിച്ചു. ജില്ലാ സെക്രട്ടറിയായ എനിക്ക് പുറമെ സഖാക്കൾ എം രാമണ്ണറൈ, സി കൃഷ്ണൻ നായർ, ടി കെ ചന്തൻ എന്ന ടി കെ സി, എ കെ നാരായണൻ, കെ കുഞ്ഞിരാമൻ, പി രാഘവൻ എന്നിവരായിരുന്നു സെക്രട്ടറിയേറ്റ് അംഗങ്ങൾ. പുതിയ ജില്ലാ കമ്മിറ്റി നിലവിൽവന്ന ശേഷമാണ് 1984 ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ കാസർഗോഡ് മണ്ഡലത്തിൽ വിജയിക്കാൻ കഴിയുമെന്ന് ഉറച്ച പ്രതീക്ഷയുണ്ടായിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് ഇന്ദിരാഗാന്ധിയുടെ കൊലപാതകം നടന്നത്. അതുവരെയുണ്ടായിരുന്ന അനുകൂല സാഹചര്യം അതോടെ മാറി. ഇന്ദിരാഗാന്ധിയുടെ കൊലപാതകം തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ ചർച്ചയായി. സ. ഇ ബാലാനന്ദനായിരുന്നു എൽ ഡി എഫ് സ്ഥാനാർത്ഥി. പതിനായിരത്തോളം വോട്ടിന് എൽ ഡി എഫ് പരാജയപ്പെട്ടു.

നിരവധി സംഘർഷം നിറഞ്ഞ കാലമായിരുന്നു അന്ന് ജില്ലയിൽ. വിവിധ സ്ഥലങ്ങളിൽ ആർ എസ് എസ് സംഘർഷം സൃഷ്ടിച്ചു. മറ്റൊരു ഭാഗത്ത് കോൺഗ്രസും സംഘർഷത്തിന് തിരികൊളുത്തി. കാഞ്ഞങ്ങാട്, മാവുങ്കാൽ, വാഴക്കോട്, കോട്ടപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ സി പി ഐ (എം) പ്രവർത്തകർ ആക്രമിക്കപ്പെട്ടു. പുത്തിലോട്ട് ഗംഗാധരൻ, മാവുങ്കാൽ പ്രഭാകരൻ, കോടോത്ത് അപ്പ, പൂതങ്ങാനം ഗോവിന്ദൻ, തങ്കച്ചൻ, കീഴ്മാല നാരായണൻ എന്നീ സഖാക്കൾ ഇക്കാലത്ത് രക്തസാക്ഷികളായി. ഇതിനെതിരെ വളരെ ശക്തമായ ചെറുത്തുനില്പ് ജില്ലയിൽ ഉണ്ടായി. മാവുങ്കാലിൽ പാർട്ടി പൊതുയോഗം നടത്താൻ തീരുമാനിച്ചു. മാവുങ്കാലിൽ പൊതുയോഗം അനുവദിക്കില്ലെന്ന് ആർ എസ് എസ് പ്രഖ്യാപിച്ചു. അന്ന് കണ്ണൂർ ജില്ലാ സെക്രട്ടറി സ. പാട്യം ഗോപാലൻ ആയിരുന്നു. കണ്ണൂരിൽ നിന്ന് പാട്യം ഗോപാലനും പാച്ചേനി കുഞ്ഞിരാമനും എത്തി. വമ്പിച്ച പൊതുയോഗമായിരുന്നു അന്നത്തേത്. ആദ്യം പ്രസംഗിക്കാൻ പാട്യം എന്നോടും പാച്ചേനിയോടും ആവശ്യപ്പെട്ടു. സ. പാച്ചേനിയും പിന്നീട് ഞാനും പ്രസംഗിച്ചു. അതിനു ശേഷമാണ് സ. പാട്യം ഗോപാലൻ പ്രസംഗിച്ചത്. പാട്യം നടത്തിയ പ്രസംഗം വിസ്മരിക്കാനാവില്ല. ആർ എസ് എസിനെതിരെയുള്ള താക്കീതായിരുന്നു അത്.

(പുസ്തകത്തിൽ നിന്ന്)

# കമ്യൂണിസ്റ്റ് പാർട്ടി @ 100

## ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ





**COMMUNIST
MOVEMENT IN KERALA
Origins and Growth**

EMS




**ഇന്ത്യൻ
കമ്യൂണിസ്റ്റ് പാർട്ടിയുടെ
ചരിത്രം**

**1920 – 1964**




**കോടിയേരി എന്ന
രാഷ്ട്രീയമനുഷ്യൻ**


ഡോ. പി എസ് ശ്രീകല




**ആശയസമരങ്ങളുടെ ലോകം**

നിതീഷ് നാരായണൻ,
ദയാൽ പലേരി


# ചരിത്രത്തിന്റെ അടയാളമാകുന്ന പുസ്തകങ്ങൾ




അന്വേഷണമാണ് ഡോ. എം എസ് വല്യത്താന് ജീവിതം. തിരുവനന്തപുരം ശ്രീചിത്രയുടെ സ്ഥാപകഡയറക്ടറായിരിക്കെ കൃത്രിമ ഹൃദയവാൽവ് വികസിപ്പിക്കാൻ നേതൃത്വം നല്കിയത് മുതൽ ഇപ്പോൾ നാഷണൽ റിസേർച്ച് പ്രൊഫസറായി മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ ആയുർവേദിക് ബയോളജി എന്ന നവശാസ്ത്രശാഖയിലെ ഗവേഷണംവരെ ആ അന്വേഷിയുടെ സഫലജീവിതം മുന്നേറുന്നു. 86 വയസ്സ് പിന്നിടുന്ന വല്യത്താന്റെ അറിവ് തേടിയുള്ള ജീവിതയാത്രയുടെ ആഴവും പരപ്പും വെളിവാക്കുന്ന കൃതിയാണ് 'മയൂരശിഖ'. സാധാരണക്കാരായ വായനക്കാർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരേപോലെ ഉൾക്കൊള്ളാനും റഫറൻസായി സൂക്ഷിക്കാനുമുള്ള ഈടുറ്റ കൃതിയാണ് 'മയൂരശിഖ'. ഡോ. എം എസ് വല്യത്താന്റെ ജീവിതവും അറിവും അനുഭവവും പകരുന്ന ഈ രചന കേരളത്തിന്റെ മാത്രമല്ല രാജ്യത്തിന്റെതന്നെ ആരോഗ്യ-സാമൂഹികരംഗങ്ങളുടെ പരിണാമം കൃത്യമായി പറയുന്ന രേഖകൂടിയാണ്.

– പിണറായി വിജയൻ

₹230




## കലുഷിതമായ കാലം

കെ എൻ പണിക്കർ


കൊളോണിയൽ ഭരണകൂടം തീർത്ത വിഭജന പ്രത്യയശാസ്ത്രത്തിൽനിന്നും ഇന്ത്യൻ ചരിത്രരചനയെ മുക്തമാക്കി സെക്കുലർ ആഖ്യാനത്തെ മുഖ്യധാരയിൽ പ്രതിഷ്ഠിച്ച ഇന്ത്യൻ ചരിത്രകാരന്മാരിൽ പ്രമുഖനായ കെ എൻ പണിക്കരുടെ ആത്മകഥ.

₹360

ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ വിപിപി / കൊറിയർ ആയി ലഭ്യമാകുന്നതിനായി **9847215709** എന്ന വാട്ട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

# സംസ്കാര പഠന ഗ്രന്ഥങ്ങൾ

## പുതിയ പുസ്തകങ്ങൾ / പുതിയ പതിപ്പുകൾ




### സെക്കുലർ പാഠങ്ങൾ

**പ്രമേയം ചരിത്രം പ്രത്യയശാസ്ത്രം**

**കെ എൻ പണിക്കർ**

കൊളോണിയൽ ചർച്ചകളിൽ നിന്നു മുക്തമായ ഒരു ബദൽ സെക്കുലറിസത്തിന്റെ ചരിത്രപരമായ സാധുത പരിശോധിക്കുന്ന ഈടുറ്റ ഗ്രന്ഥം. നവോത്ഥാനത്തിന്റെ വർത്തമാനത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, സമകാലിക പ്രശ്നങ്ങളോടുള്ള പ്രതികരണം ഉൾപ്പെടുന്ന അഭിമുഖം എന്നിങ്ങനെ വൈവിധ്യപൂർണമായ ഒരു ഗ്രന്ഥനിർമ്മിതി.

₹320




### ചരിത്രരചനയും മതേതരവൽക്കരണവും


**റൊമില ഥാപ്പർ**

**പരിഭാഷ:**

**വി കാർത്തികേയൻ നായർ**

ഹിന്ദുത്വത്തിന്റെയും കൊളോണിയലിസത്തിന്റെയും ചരിത്രവീക്ഷണങ്ങൾ വികലമാക്കിയ ഇന്ത്യയുടെ ഭൂതകാലത്തെയും വർത്തമാനത്തെയും ശാസ്ത്രീയവും ദാർശനികവുമായി പുനർനിർമിക്കുകയെന്ന മഹത്തായ ദൗത്യമാണ് റൊമീല ഥാപ്പർ തന്റെ പ്രൗഢമായ രചനകളിലൂടെ നിർവഹിക്കുന്നത്.

₹120





### കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം

**എഡിറ്റർ: രവീന്ദ്രൻ**

മാർക്സിയൻ സൗന്ദര്യദർശനവുമായി ബന്ധപ്പെട്ട് മലയാളത്തിലുണ്ടായ ഏറ്റവും ഗഹനമായ രചനയാണ് രവീന്ദ്രൻ എഡിറ്റ് ചെയ്ത *കലാവിമർശം: മാർക്സിസ്റ്റ് മാനദണ്ഡം* എന്ന ഈ കൃതി. സാഹിത്യം, ചിത്രകല, സിനിമ തുടങ്ങിയ വിഭിന്ന സർഗാത്മകമേഖലകളിലേക്ക് വിടർന്ന് പരിലസിക്കുന്ന മാർക്സിയൻ ചിന്തയുടെ ലാവണ്യശാസ്ത്രവും ജീവിതാവബോധവും വിപ്ലവാത്മകതയും വിശകലനം ചെയ്യുന്ന കൃതി.

₹370




### അനുഭൂതികളുടെ ചരിത്രജീവിതം

**സുനിൽ പി ഇളയിടം**

കലാചരിത്രത്തെ സംസ്കാരചരിത്രം എന്ന നിലയിൽ നോക്കിക്കാണാനുള്ള ശ്രമമാണ് ഈ സമാഹാരത്തിലെ പഠനങ്ങളിലുള്ളത്. അതുവഴി കലയെയും ആശയാനുഭൂതികളെയും പ്രതിഫലനപരമായോ പ്രതിനിധാനപരമായോ നോക്കിക്കാണുന്ന സാമൂഹ്യ ശാസ്ത്ര സമീപനങ്ങൾക്കപ്പുറം കടന്ന് അവയുടെ ഭൗതികതയെയും ഭാവശക്തിയെയും അഭിസംബോധന ചെയ്യാനും വിശദീകരിക്കാനുമാണ് ഈ പഠനങ്ങൾ താല്പര്യപ്പെടുന്നത്.

₹360




### ഭൂതവും വർത്തമാനവും

**റൊമില ഥാപ്പർ/**


**രൺബീർ ചക്രവർത്തി**

**പരിഭാഷ:**

**നാരായണൻ ചെമ്മലശ്ശേരി**

ഇന്ത്യ കണ്ട മികച്ച ചരിത്ര പ്രതിഭകളിൽ ഒരാളായ റൊമില ഥാപ്പറുമായി രൺബീർ ചക്രവർത്തി നടത്തിയ ദീർഘ അഭിമുഖം. മതം, മതേതരത്വം, ഹിന്ദുത്വം, പൗരാണികത എന്നിവയെ സംബന്ധിച്ചുള്ള ആഴത്തിലുള്ള ആലോചനകളും നിരീക്ഷണങ്ങളും ഈ പുസ്തകത്തിൽ വായിക്കാം.

₹80




## ഫ്രഡറിക് ജെയിംസൺ

**സുധാകരൻ സി ബി**

₹280

സാംസ്കാരിക-രാഷ്ട്രീയ വ്യവഹാരങ്ങളിൽ ഒഴിവാക്കാനാവാത്ത ചിന്തകളാണ് ഫ്രഡറിക് ജെയിംസന്റേത്. രാഷ്ട്രീയവും സംസ്കാരവും തമ്മിലുള്ള ബന്ധം ആഴത്തിൽ പഠിച്ച ജെയിംസൺ മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തത്തെ പുതിയ കാലത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് സംക്രമിപ്പിച്ചു. ചരിത്രപരമായ ഭൗതികവാദ ദർശനത്തിനപ്പുറത്തേക്ക് ജെയിംസന്റെ അന്വേഷണം നീണ്ടു. അടിത്തറ മേൽപ്പുര സങ്കല്പത്തെ യാന്ത്രികമായി സമീപിക്കുന്നതിനെ ജെയിംസൺ എതിർത്തു. സംസ്കാരത്തെ ചരിത്രപരവും സാമൂഹ്യവുമായ പ്രതിഭാസമായാണ് അദ്ദേഹം കണ്ടത്. പ്രയോഗത്തിന്റെ തത്ത്വശാസ്ത്രമായ മാർക്സിസത്തെ അംഗീകരിക്കുന്നവർക്കും എതിർക്കുന്നവർക്കും ഫ്രഡറിക് ജെയിംസണെ അടുത്തറിയാൻ ഈ ഗ്രന്ഥം സഹായകരമാകും.

# ഉത്തരാധുനികത

## ഫ്രെഡറിക് ജയിംസൺ

**ജെ**യിംസൺ ആദ്യാവസാനം വൈരുദ്ധ്യാധിഷ്ഠിതവാദിയും ചരിത്രപരമായ ഭൗതികവാദിയുമാണ് എന്ന കാര്യത്തിൽ രണ്ടു പക്ഷമുണ്ടാകാനിടയില്ല. 1968 ൽ പ്രസിദ്ധീകരിച്ച 'On Politics and Literature' എന്ന ലേഖനം മുതൽ ഇന്നുവരെ അദ്ദേഹത്തിന്റേതായി പുറത്തുവന്നിട്ടുള്ള എല്ലാ രചനകളിലും ജെയിംസൺ സ്വീകരിച്ചിട്ടുള്ള സമീപനം വൈരുദ്ധ്യാത്മകതയുടേതാണ്. 1971 ലെ Marxism and Form എന്ന പുസ്തകത്തിലെ 'Towards Dialectical Criticism' എന്ന അവസാന അദ്ധ്യായത്തിൽ അദ്ദേഹം വൈരുദ്ധ്യാധിഷ്ഠിത വിമർശനത്തിനായി ഒരു രൂപരേഖ തെയ്യാറാക്കുവാനുള്ള ശ്രമം നടത്തുന്നുണ്ട്. 1971 ലെ 'Metacommentary' എന്ന ലേഖനം അതിന്റെ ഒരു മാതൃകയാണ്. 1998 ലെ 'Persistencies of the Dialectic' എന്ന ലേഖനം വൈരുദ്ധ്യാത്മകത എന്തെന്ന വിശദീകരിക്കുവാൻ മാത്രമായാണ് അദ്ദേഹം എഴുതിയത്. 2009 ൽ പുറത്തിറങ്ങിയ The Valencies of the Dialectic എന്ന പുസ്തകത്തിലെ ആദ്യ അദ്ധ്യായത്തിൽ അദ്ദേഹം അത് കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുമുണ്ട്. ഇതിനൊക്കെ പുറമെ നിരവധിയായ അഭിമുഖങ്ങളിൽ അദ്ദേഹം അതിനെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നുണ്ട് (അവയിൽ പ്രധാനപ്പെട്ട ചിലത് Jameson on Jameson: Conversations on Cultural Marxism എന്ന പുസ്തകത്തിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്). വൈരുദ്ധ്യാധിഷ്ഠിത ചിന്ത ജെയിംസണ് എന്നും പ്രിയപ്പെട്ട വിഷയമാണ്. ഒരു യാഥാസ്ഥിതിക മാർക്സിസ്റ്റ് കാണുന്നതുപോലെയല്ല ജെയിംസൺ വൈരുദ്ധ്യാധിഷ്ഠിത ചിന്തയെ കാണുന്നത് എന്ന് ആമുഖമായി പറയേണ്ടതുണ്ട്. എന്തുകൊണ്ടെന്ന് വഴിയേ വ്യക്തമാകും.

വൈരുദ്ധ്യാത്മകതയെ സംബന്ധിക്കുന്ന സാമ്പ്രദായിക വിശദീകരണങ്ങളൊക്കെത്തന്നെ ഒന്നുകിൽ അതിനെ ഒരു വ്യവസ്ഥയായോ അല്ലെങ്കിൽ ഒരു രീതിയായോ (method) ആണ് അവതരിപ്പിക്കുന്നത്. ഹെഗലിൽ നിന്ന് മാർക്സിലേക്കെത്തുമ്പോഴുള്ള ഊന്നലിന്റെ മാറ്റത്തെ സൂചിപ്പിക്കുന്ന വിഭജനമാണിത് എന്നു ജെയിംസൺ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ നീച്ചേ മുതലുള്ള ആധുനിക ചിന്ത ഈ രണ്ട് പക്ഷാന്തരങ്ങളെയും തള്ളിക്കളയുന്നു. ലക്ഷ്യവും മാർഗ്ഗവും തമ്മിലുള്ള വിപരീതത്തെ ഉള്ളിൽ വഹിക്കുന്ന ഒന്നാണത്. വൈരുദ്ധ്യാത്മകത മാർഗ്ഗം മാത്രമാണെങ്കിൽ അതിന്റെ ലക്ഷ്യമെന്താണ്? അത് ഒരു അതിഭൗതിക വ്യവസ്ഥയാണെങ്കിൽ, അതിഭൗതികത അവസാനിച്ചതിനു ശേഷവും അതിലെന്തു താല്പര്യമാണുണ്ടാവുക? അതിന് കാലികതയുമായി (temporality) എന്തു ബന്ധമാണുള്ളത്? ഇത്തരം ചോദ്യങ്ങളുന്നയിച്ചുകൊണ്ട് വൈരുദ്ധ്യാത്മകതയെ വിശദീകരിക്കുവാനാണ് The Valencies of the Dialectic എന്ന പുസ്തകത്തിലെ ആദ്യ അദ്ധ്യായത്തിൽ ജെയിംസൺ ശ്രമിക്കുന്നത് (VD 3).

നമുക്ക് ഇതുവരെ സാക്ഷാല്ക്കരിക്കാനാകാത്ത ഒരു ഭാവിയെക്കുറിച്ചുള്ള ചിന്തയുടെ വിചാരപരമായ വിവരണമാണ്

വൈരുദ്ധ്യാധിഷ്ഠിത ചിന്ത എന്ന് ജെയിംസൺ മുകളിൽ ചൂണ്ടിക്കാണിച്ച രചനകളിൽ ആവർത്തിച്ചു പറയുന്നുണ്ട്. വൈരുദ്ധ്യാത്മകത പഴയകാലത്തെ ഒരു കാര്യമേയല്ല. അത് തത്ത്വചിന്തയുടെ ചരിത്രത്തിലെ ഒരദ്ധ്യായവുമല്ല. ഇനിയും സാക്ഷാൽക്കരിക്കപ്പെടാത്ത ഒരു നാളെയെക്കുറിച്ചുള്ള ചിന്തയാണത്. ഹാബർമാസ് പറയുന്നതുപോലെ പൂർത്തീകരിക്കപ്പെടാത്ത ഒരു പദ്ധതി (an unfinished project) എന്ന് 'Persistencies of the Dialectic' എന്ന ലേഖനത്തിൽ ജെയിംസൺ സൂചിപ്പിക്കുന്നു (PD 359). അതുകൊണ്ടുതന്നെ, ഒരു സഞ്ചിതസ്വഭാവം എന്ന നിലയിൽ നിലവിലില്ലാത്ത സാഹചര്യങ്ങളെ മനസ്സിലാക്കുവാനുള്ള ഒരു മാർഗ്ഗമാണത്. കാരണം ഇതുവരെ നമുക്കനുഭവമില്ലാത്ത സമൂർത്തമായൊരു സാമൂഹികജീവിതത്തിനനസൃതമാണത് (PD 359). വൈരുദ്ധ്യാധിഷ്ഠിത വിമർശനത്തിന് ഇരട്ട ലക്ഷ്യങ്ങളാണുള്ളത്. ഇന്ന് ഏതാണ്ട് പൂർണ്ണമായും ആഗോളവല്ക്കരിക്കപ്പെട്ട മുതലാളിത്ത സംസ്കാരം അതിന്റെ തന്ത്രപരമായ താല്പര്യങ്ങളെ മറച്ചുവെയ്ക്കുന്ന രീതികളെയും, അതേ സമയം തന്നെ ഇന്നത്തേതിൽനിന്നും വ്യത്യസ്തമായൊരു ഭാവിയെക്കുറിച്ചുള്ള ചിന്തയെ സജീവമായി നിലനിർത്തുന്ന മാർഗ്ഗങ്ങളെയും, അനാവൃതമാക്കുക എന്നതാണ് ആ ലക്ഷ്യങ്ങൾ. പ്രായോഗികമായി ഇത് നമ്മുടെ ഭാവനയുടെ രണ്ടു പരാജയങ്ങളെ തിരിച്ചറിയുക എന്ന അടിയന്തര ചുമതല നമ്മെ ഏല്പിക്കുന്നുണ്ട്. ഒന്ന്, വർത്തമാനകാലത്തെ വേണ്ട വിധം പ്രതിനിധാനം ചെയ്യുന്നതിലുള്ള പരാജയം, അതിന്റെ ശക്തിദൗർബല്യങ്ങൾ മനസ്സിലാക്കുവാൻ നമ്മെ പ്രാപ്തരാക്കാൻ വിധമുള്ള പ്രതിനിധാനം, അതിന്റെ വ്യവസ്ഥിത സ്വഭാവം (systemic nature) മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്ന പ്രതിനിധാനം വികസിപ്പിച്ചെടുക്കുന്നതിലുള്ള നമ്മുടെ പരാജയം. രണ്ടാമത്തേത്, ഇന്നത്തേതിന്റെ തുടർച്ചയല്ലാത്തതോ, ഇതിൽനിന്ന് തികച്ചും വ്യത്യസ്തമോ ആയ ഒരു ഭാവി സാമൂഹികരൂപത്തെ വിഭാവനം ചെയ്യാൻ കഴിയുന്നില്ല എന്ന പരാജയം. ഈ തിരിച്ചറിവിൽനിന്നു മാത്രമെ ഭാവിയെക്കുറിച്ചുള്ള ഒരു സങ്കല്പനത്തിനു രൂപം നല്കുവാനോ അതിനായി ഒരു പദ്ധതി വിഭാവനം ചെയ്യുവാനോ നമുക്കു കഴിയൂ. അതുകൊണ്ടുതന്നെ ഏതു പുരോഗമനവാദിക്കും അനുപേക്ഷണീയമായ വിശകലനോപാധി കൂടിയാണ് വൈരുദ്ധ്യാത്മകത.

അനുപാത രാഹിത്യങ്ങളുടെ (incommensurabilities) പരികല്പനാപരമായ ഏകോപനമായി വൈരുദ്ധ്യാത്മകതയെ ഒരു തരത്തിൽ നിർവ്വചിക്കാം എന്ന് 2018 നവംബർ 24 ലെ ട്വീറ്റിൽ ജെയിംസൺ പറയുന്നുണ്ട്. വൈരുദ്ധ്യാധിഷ്ഠിത സമീപനത്തിന്റെ സവിശേഷമായ ബുദ്ധിമുട്ട് അതിന്റെ സമഗ്രവും സാകല്യവല്ക്കരണത്തിന്റേതുമായ സ്വഭാവമാണ്; ഒരു കാര്യത്തെക്കുറിച്ച് എഴുതുന്നതിനു മുമ്പ് മറ്റെല്ലാ കാര്യങ്ങളും ആരംഭത്തിൽ തന്നെ പരാമർശിക്കപ്പെടണം എന്ന കാർക്കശ്യം (MF 306). നമ്മുടെ മുന്നിലുള്ള സവിശേഷങ്ങളായ ആശയക്കുഴപ്പങ്ങൾ പരിഹരിക്കുവാനല്ല അതു ശ്രമിക്കുന്നത്. മറിച്ച്, കുറച്ചുകൂടി ഉയർന്ന തലത്തിൽ ആ പ്രശ്നങ്ങളെ അവയുടെ തന്നെ പരിഹാരമാക്കി മാറ്റുവാനാണ്; പ്രശ്നത്തിന്റെ വസ്തുതയേയും അതിന്റെ അസ്തിത്വത്തേയും തന്നെ പുതിയ ചിന്തയുടെ തുടക്കമാക്കിത്തീർക്കുവാനാണ് അതിന്റെ ശ്രമം (MF 307). ജെയിംസൺ വിശദീകരിക്കുന്നതിങ്ങനെ: വൈരുദ്ധ്യാത്മകത പറയുന്ന അടിസ്ഥാന കഥ വൈരുദ്ധ്യാധിഷ്ഠിതമായ വിപരീതത്തെക്കുറിച്ചു തന്നെയാണ്. ഒരു പ്രതിഭാസത്തെ വിരോധാഭാസകരമായി അതിന്റെ വിപരീതത്തിലേക്കു തിരിക്കുന്ന രീതി. അതിന്റെ ഒരു മാതൃക, എംഗൽസ് സൂചിപ്പിച്ചതുപോലെ, quantityയെ qualityയാക്കി രൂപാന്തരപ്പെടുത്തുന്നതാണ്. കാലത്തിലൂടെ ഒരുതരം തവളച്ചാട്ടം നടത്തുന്നതായി ഇതിനെ വിശദീകരിക്കാം എന്ന് ജെയിംസൺ പറയുന്നു. ഈ ചാട്ടത്തിൽ ഒരു ചരിത്ര സന്ദർഭത്തിന്റെ, അവസ്ഥയുടെ, സാഹചര്യങ്ങളുടെ പോരായ്മകൾ യഥാർത്ഥത്തിൽ ആ മുഹൂർത്തത്തിന്റെ രഹസ്യ നേട്ടങ്ങളായി മാറുന്നു. അങ്ങനെ വരുമ്പോൾ ഒരു വിഭാഗത്തിന് സ്വയമേ ലഭിക്കുന്നതെന്നു നാം കരുതുന്ന മേധാവിത്തം അതിന്റെ ഭാവി വികസനത്തിന് കഠിനമായ പരിമിതികളും പരാധീനതകളും സൃഷ്ടിക്കുന്നു. ഈ പരിമിതികളുടെ വിപരീതവല്ക്കരണമാണ് വൈരുദ്ധ്യാത്മകത; നെഗറ്റീവ് പോസിറ്റീവും, പോസിറ്റീവ് നെഗറ്റീവുമാകും (MF 309). കൂടുതൽ ലളിതമായ ഭാഷയിൽ പറഞ്ഞാൽ, ഒരു സന്ദർഭത്തിൽ ഗുണകരമെന്നു തോന്നുന്ന ഒരു കാര്യം മറ്റൊരു സന്ദർഭത്തിൽ ദോഷകരമായി മാറാം. വൈരുദ്ധ്യാത്മകത ആവശ്യപ്പെടുന്നത് ഇവ രണ്ടും പരിഗണിക്കപ്പെടണം എന്നാണ്. അതായത്, ഏറ്റവും മോശമായ സാഹചര്യങ്ങളിൽ ഭാസുരമായൊരു ഭാവിയുടെ വിത്തുകൾ കണ്ടെത്തണം എന്നർത്ഥം.

സാംസ്കാരിക രൂപങ്ങൾ വ്യാഖ്യാനിക്കുന്നതിൽ രൂപവാദപരമായ സമീപനത്തിന് സാമൂഹ്യശാസ്ത്രപരമോ ചരിത്രപരമോ ആയ സമീപനങ്ങളുമായി നിലനില്ക്കുന്ന നിശ്ചലവും ഊഷരവുമായ തർക്കങ്ങൾ നിരാകരിക്കുന്ന സമീപനമാണ് വൈരുദ്ധ്യാത്മകതയുടേത്. അതിന്റെ സത്ത ചിന്തയും ഉള്ളടക്കവും തമ്മിൽ ഭിന്നത കാണുന്നില്ല എന്നതാണ് (MF 331, 338). ഒരേ സന്ദർഭത്തിൽത്തന്നെ രണ്ടു തലങ്ങളെക്കുറിച്ച് ചിന്തിക്കുക എന്നതാണ് വൈരുദ്ധ്യാത്മകതയുടെ രീതി. അതായത്, ഒരു കൃതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നെ ആ ചിന്തയെക്കുറിച്ചും, അതിന്റെ പ്രക്രിയയെക്കുറിച്ചും ചിന്തിക്കുക എന്നർത്ഥം (MF 340). ഇത്തരമൊരു വ്യാഖ്യാനത്തിന്റെ ലക്ഷ്യം ഒരു പ്രത്യേക വ്യാഖ്യാനരീതിയിലൂടെ ശരിതെറ്റുകൾ കണ്ടെത്തുക എന്നതല്ല, മറിച്ച്, ഒരു കൃതി ആവിഷ്കരിക്കുന്ന സമൂർത്തമായ ചരിത്രാനുഭവത്തെ തിരിച്ചറിയുക എന്നതാണ് (MF 348). ഈ രീതിയിലുള്ള വൈരുദ്ധ്യാധിഷ്ഠിത വിമർശനത്തിന്റെ മാതൃകയാണ് ജെയിംസൺ തന്റെ രാഷ്ട്രീയ അബോധം എന്ന കൃതിയിലൂടെ അവതരിപ്പിക്കുന്നത്.

ലോകത്തെ മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയോ പരിപാടിയോ ആണ് മാർക്സിസ്റ്റ് രാഷ്ട്രീയം. മുതലാളിത്ത ഉല്പാദന സമ്പ്രദായത്തിന്റെ സ്ഥാനത്ത് റാഡിക്കലായി ഭിന്നമായ ഒരു ബദൽ സംവിധാനം സ്ഥാപിച്ചെടുക്കുക. അതേ സമയം തന്നെ അത് ചരിത്രപരമായ ഒരു ബലതന്ത്രത്തെക്കുറിച്ചുള്ള പരികല്പന കൂടിയാണ്. ആ പരികല്പനയിൽ നിർദ്ദേശിക്കപ്പെടുന്നത് നമുക്കുചുറ്റും വസ്തുനിഷ്ഠമായി തന്നെ സമ്പൂർണ്ണമായി വ്യത്യസ്തമായ ആ ലോകത്തിന്റെ ആവിർഭാവം, അതിന്റെ സാദ്ധ്യതകൾ, കാണാമെന്നാണ്, അത് പ്രത്യക്ഷത്തിൽ നമുക്ക് അനുഭവവേദ്യമായില്ലെങ്കിൽ കൂടിയും.

(പുസ്തകത്തിൽ നിന്ന്)




# ഇലയും പുകയിലയും
## നടന്നുതീർന്ന വഴികൾ

**പയ്യന്നൂർ കുഞ്ഞിരാമൻ**

₹260

**ഒരു ബീഡിത്തൊഴിലാളിയായി ജീവിതമാരംഭിച്ച് പിന്നീട് സ്കൂൾ അദ്ധ്യാപകനും എഴുത്തുകാരനുമായി മാറിയ പയ്യന്നൂർ കുഞ്ഞിരാമന്റെ ജീവിതകഥ**

# ഇലയും പുകയിലയും

## പയ്യന്നൂർ കുഞ്ഞിരാമൻ

**കാ**ർക്കളയിൽനിന്നാണ് ബീഡികെട്ട് പഠിച്ചത്. നൂല് കെട്ടിയാണ് ആദ്യം പഠിച്ചത്. കണ്ണൂർക്കാരൻ മേസ്ത്രി നൂല് ചെറുവിരലിനിടയിൽ വച്ചു തന്നു. ആദ്യം ബീഡിയുടെ നൂലഴിച്ച് കെട്ടി പഠിക്കുകയായിരുന്നു. ജ്യേഷ്ഠൻ ഇല മുറിയിലേക്ക് പ്രവേശിച്ചിരുന്നു. ആദ്യം ഒരു തകിട് തന്നു. അത് ബീഡിയിലയിൽ വച്ച് കത്രികകൊണ്ട് മുറിച്ചെടുത്തു. ബീഡിയുണ്ടാക്കുന്ന ഇലകളെല്ലാം ഒരേ ആകൃതിയിലുള്ളതാകണം. തഴക്കം വന്നവർക്ക് തകിടിന്റെ ആവശ്യമില്ല. കൈവിരലുകളുടെ അടയാളം കൊണ്ട് കൃത്യമായ അളവിൽ മുറിച്ചെടുക്കാൻ കഴിയും.

കേരളത്തിൽനിന്ന് പലരും കാർക്കളയിലെത്തി ബീഡിപ്പണിയെടുക്കുന്നുണ്ടായിരുന്നു. ബീഡിപ്പണിക്കാരുടെ മെക്ക എന്ന് കാർക്കളത്തെ വിശേഷിപ്പിച്ചിരുന്നു. ഒഴിവുദിവസങ്ങളിൽ അവരെല്ലാം കണ്ണൂർ മേസ്ത്രിയുടെ വീട്ടിൽ ഒത്തുകൂടും. തലശ്ശേരിക്കാരൻ രാഘവൻ നന്നായി പാട്ടുപാടും. 'ബലികടീരങ്ങളേ...' എന്ന പാട്ടാണ് പാടുക. ഞാൻ പുറത്തുനിന്ന് പാട്ട് കേൾക്കും. ചാരായത്തിന്റെ മണം സമീപത്തേക്കും ഒഴുകിയെത്തുമായിരുന്നു.

രണ്ടുവർഷത്തോളം ഞങ്ങൾ കാർക്കളയിൽ താമസിക്കുകയുണ്ടായി. ഇതിനകം ജ്യേഷ്ഠൻ നല്ല തിരക്കാരനായിത്തീർന്നിരുന്നു. ഞാൻ അമ്പർ ചർക്കാ ട്രെയിനിങ് പൂർത്തിയാക്കി. ഖാദിസ്റ്റോറിൽ പരുത്തി നൂൽക്കാനും മറ്റും സഹായിക്കുകയും ചെയ്യുമായിരുന്നു.

ഉപേക്ഷിച്ചുപോയ വീട്ടിൽ തന്നെയാണ് തിരിച്ചെത്തിയത്. മുത്തശ്ശി മരിച്ചതോടെ വീട് അനാഥമായി. അടിച്ചുവാരലും വിളക്ക് വെക്കലും ഇല്ലാതായി. മേല്പുര ദ്രവിച്ച് വീഴാറായ നിലയിലായിരുന്നു. ചെറിയമ്മാവൻ ഞങ്ങളുടെ വരവ് കാത്തിരിക്കുകയായിരുന്നു.

വൈകുന്നേരത്തെ വണ്ടിക്കാണ് ഞങ്ങൾ നാട്ടിലെത്തിയത്. നേരം ഇരുട്ടുന്നതുവരെ ഞങ്ങൾ സ്റ്റേഷൻ പരിസരത്ത് കഴിച്ചുകൂട്ടി. ആളുകളുടെ കണ്ണിൽപ്പെടാതെ വീട്ടിൽ കയറിക്കൂടണം. ഞങ്ങളെത്തിയതറിഞ്ഞ് ആദ്യമെത്തിയത് അയലത്തെ ഉമ്പിച്ചിയമ്മയാണ്. അവർ സങ്കടപ്പെടുകയായിരുന്നു. രാത്രി ആഹാരം കഴിക്കേണ്ടേ എന്നവർ ചോദിച്ചു. അമ്മയ്ക്ക് ഉത്തരമില്ലായിരുന്നു. ഉമ്പിച്ചിയമ്മ സ്വന്തം വീട്ടിൽ ചെന്ന് അരിയും കലവും കൊണ്ടുവന്നു. അടുപ്പിൽ തീ കത്തിക്കാൻ അവർ തന്നെ സഹായിച്ചു. ഉമ്പിച്ചിയമ്മ ഉപ്പിലിട്ട മാങ്ങയും ഉപ്പും മുളകും കൊണ്ടുത്തന്നു. "എന്തായാലും കണ്ണാ..., ഇങ്ങനെ പുറപ്പെട്ട് പോകണായിരുന്നോ?" അവർ ചോദിച്ചു. അച്ഛൻ മിണ്ടാതെ നിന്നതേയുള്ളൂ.

ചൂടുള്ള കഞ്ഞി എല്ലാവരും ഊതിക്കുടിച്ചു. യാത്രാക്ഷീണം എല്ലാവരെയും തളർത്തിയിരുന്നു. മടക്കി കെട്ടിക്കൊണ്ടുവന്ന പായ അമ്മ നിവർത്തിയിട്ടു. വിരിപ്പോ തലയണയോ ഇല്ലാത്ത പായയിൽ എല്ലാവരും കിടന്നു.

വെളുത്തവാവ് ദിവസമായിരുന്നു. ആകാശത്ത് ചന്ദ്രൻ പ്രകാശിക്കുന്നത് മേല്പുരയ്ക്കിടയിലൂടെ കാണാം.

പഴയ ജീവിതവുമായി പൊരുത്തപ്പെടുവാൻ ഏതാനും ദിവസങ്ങളെടുത്തു. വീണ്ടും സ്കൂളിൽ ചേർന്നു പഠിക്കണോ വേണ്ടയോ എന്നത് വീട്ടിൽ ചർച്ചയായി. പഠനത്തേക്കാൾ പ്രധാനം എന്തെങ്കിലും വരുമാനത്തിനുള്ള വഴിയായിരുന്നു.

ജ്യേഷ്ഠൻ ഗണേഷ് ബീഡിക്കമ്പനിയിൽ തിരക്കാരനായിച്ചേർന്നു. ഞാൻ ശാഠ്യംപിടിക്കാൻ പോയില്ല.

നഗരത്തിൽ ഗാന്ധിമൈതാനിക്കു സമീപമുള്ള പഴയൊരു കെട്ടിടത്തിലാണ് ബീഡിക്കമ്പനി പ്രവർത്തിച്ചിരുന്നത്. ഒന്നാം നിലയിലാണ്. മരത്തിന്റെ ഏണിപ്പടിയിലൂടെ വേണം മുകളിലെത്താൻ.

അച്ഛന്റെ പിന്നാലെയാണ് കമ്പനിയിലേക്ക് നടന്നത്. വഴിയിൽ റൊട്ടിക്കാരൻ അപ്പുവിനെ കണ്ടു. 'എങ്ങോട്ടാ മോനെയും കൂട്ടി' എന്ന് റൊട്ടിക്കാരൻ ചോദിച്ചു. 'ഇവനെ കമ്പനിയിൽ ചേർക്കുന്നു.' സ്കൂളിൽ ചേർക്കുന്നില്ലേ എന്ന് അയാൾ ചോദിച്ചേക്കുമെന്ന് ഞാൻ കരുതി. അതുണ്ടായില്ല.


(പുസ്തകത്തിൽ നിന്ന്)

# മലയാളത്തിലെ അനശ്വര പ്രണയകഥകളുടെ അത്യപൂർവ്വ സമാഹാരം

## പ്രണയത്തിന്റെ ഋതുഭേദങ്ങൾ

സമാഹരണം, പഠനം: ഡോ. ഇ ബാനർജി






₹690



## കുട്ടികൾക്കായി 10 ചിത്രകഥാ പുസ്തകങ്ങൾ




എന്റെ ഹൃദയത്തിലെ ബാപ്പുജി ● ഹാപ്പി ബർത്ത് ഡേ
ചിരിപപ്പടം ● മധുമധുരം ● കണ്ടവരുണ്ടോ? ● 10/10
മിന്നാമിന്നി പെൺവണ്ടി ● ശ്... ഞങ്ങൾ പൂമ്പാറ്റകൾക്ക് പുറകെയാ..
● ശ്ശൂ... ന്ന് ഒരു വിമാനം ● വിന്റും വിച്ചും



കൊച്ചു കൂട്ടുകാർക്ക് അറിവിന്റെ പുതുലോകങ്ങൾ സമ്മാനിക്കുന്നതാണ് കുട്ടിത്താളം പുസ്തകമേളത്തിലെ പത്തുപുസ്തകങ്ങൾ.

പ്രൊഫ. എസ് ശിവദാസ്



വാക്കിലും നോക്കിലും ചേർത്തു പിടിക്കാൻ കഴിയുന്ന പുസ്തകങ്ങൾ. ഭാവനയുടെ മഴവിൽ തോണിയിലേറി സഞ്ചരിക്കുവാൻ കഴിയുന്ന രസകരമായ കഥകൾ.

കെ കെ കൃഷ്ണകുമാർ

# കുട്ടിത്താളം

## പുസ്തകമേളം

രചന: സൈജ എസ്., ഷിനോജ് രാജ്

₹980

# തീക്ഷ്ണമായ കഥാനുഭവങ്ങൾ.....

കഥകൾ



## മഗ്ദലീന

**എബ്രഹാം മാത്യൂ**

മഗ്ദലീനക്കാരി മറിയയുടെ മാന്ത്രികഭാഷയുള്ള, രണ്ടായിരം തലമുറകൾക്കിപ്പുറമുള്ള ഒരു പെൺകിടാവിനെ കണ്ടുമുട്ടാതിരിക്കില്ല എന്ന് യേശു ഉറപ്പിച്ചു. മറിയയെ സ്വന്തമാക്കുക എന്നതിന് ചാർച്ചക്കാർ യേശുവിനെ നിർബ്ബന്ധിച്ചിരുന്നു. ഏകാകിയുടെ ആവശ്യമെന്താണെന്ന് അവർ തിരിച്ചറിയുന്നില്ലയോ എന്നോർത്ത് യേശു ദുഃഖിച്ചു. യേശു മറിയയെ മാറോടണച്ചു.

₹190







## വിനു ഏബ്രഹാമിന്റെ രാഷ്ട്രീയ കഥകൾ

രാഷ്ട്രീയം കടന്നാൽ കഥയ്ക്ക് അയിത്തം കല്പിക്കുന്ന 'മുഖ്യധാര'യുടെ നിലപാടിനെതിരെ എഴുത്തുകൊണ്ടു പടവെട്ടി മുന്നേറിയ വിനു ഏബ്രഹാമിന്റെ രാഷ്ട്രീയം മുഖ്യപ്രമേയമായിവരുന്ന കഥകളുടെ സമാഹാരമാണിത്. ജീവിതത്തിലാണ് രാഷ്ട്രീയം നിലനില്ക്കുന്നത് എന്ന സത്യത്തിന് അടിവരയിടുന്ന ഈ കഥകൾ  മലയാള ചെറു കഥാരംഗത്തെ ശക്തമായ ഒരു ഇടപെടലാണ്.

₹200






## ഓട്ടോണമസ് പ്രണയം

**അജിത്രി**

പുതിയ കാലത്തിലേക്കു തുറക്കുന്ന കഥകളാണ് അജിത്രിയുടെ കഥകൾ. കഥകളുടെ പതിവ് സഞ്ചാര വഴികൾ വിട്ടാണ് അജിത്രിയുടെ സഞ്ചാരം. കാമനകൾ ഉള്ളിലൊളിപ്പിച്ച് അതിനുമേൽ സദാചാരത്തൊങ്ങലുകളുള്ള ഉടയാടകൾ ധരിച്ചാണ് ഏറെപ്പേരും നടക്കുന്നതെങ്കിൽ ഉടയാടകളഴിച്ച് നഗ്നയാക്കപ്പെടുന്ന കഥാപാത്രങ്ങളെയാണ് നാം ഓട്ടോണമസ് പ്രണയത്തിൽ കാണുന്നത്.

₹100






## പെണ്ണുചത്തവന്റെ പതിനേഴാം ദിവസം

**കെ എസ് രതീഷ്**

കെ എസ് രതീഷിന്റെ പന്ത്രണ്ട് കഥകളിലും ജന്തുവാസനകളുടെ ജീവിതമാണ് മുറ്റിനില്ക്കുന്നതെന്ന് കാണാം. ആൺ പെൺ ബന്ധത്തിലുണ്ടാകുന്ന ഹിംസയുടെ കഥയുടലുകൾ പലപാട് പ്രത്യക്ഷപ്പെടുന്നു.

₹150






## അപ്രത്യക്ഷരാകുന്നവരുടെ നഗരം


**മനോജ് വീട്ടിക്കാട്**

യഥാതഥത്വത്തിന്റെ ചക്കിൽ കറങ്ങാതെ ഭാഷയിലും ഭാവുകത്വത്തിലും നവീനത തേടുന്ന കഥകളാണ് മനോജ് വീട്ടിക്കാടിന്റെ അപ്രത്യക്ഷരാകുന്നവരുടെ നഗരം എന്ന ഈ സമാഹാരത്തിലുള്ളത്.

₹130




# മികച്ച വിശ്വ സാഹിത്യ കൃതികൾ
## മികവാർന്ന പരിഭാഷയിൽ




### ഡോക്ടർ ഷിവാഗോ
ബോറിസ് പാസ്റ്റർനാക്

₹690

ബോറിസ് പാസ്റ്റർനാക്കിന്റെ വിഖ്യാത കൃതിയായ ഡോ. ഷിവാഗോയുടെ മലയാള പരിഭാഷ. 1905 ലെ റഷ്യൻ വിപ്ലവത്തിനും രണ്ടാം ലോകയുദ്ധത്തിനുമിടയിലുള്ള കാലഘട്ടത്തിൽ ഡോ. ഷിവാഗോ എന്ന ഭിഷഗ്വരന്റെ സാധാരണവും അസാധാരണവുമായ അനുഭവങ്ങളാണ് ഈ നോവൽ. പ്രത്യക്ഷത്തിൽ ഈ നോവൽ ഒരു പ്രണയ കഥയുടെ ആഖ്യാനമാണെങ്കിലും സൂക്ഷ്മാർത്ഥത്തിൽ ഇതിന് രാഷ്ട്രീയ അന്തർദ്ധാരകളുണ്ട്. റഷ്യൻ വിപ്ലവത്തിന്റെ അജ്ഞാതമായ അനവധി ഏടുകളിലേക്ക് വെളിച്ചം വീശുന്ന മികച്ച കൃതിയാണ് ഡോ. ഷിവാഗോ.




### മാജിക് മൗണ്ടൻ
തോമസ് മൻ

₹670

ഒന്നാം ലോക മഹായുദ്ധം പടിവാതില്ക്കൽ നില്ക്കെ ക്ഷയരോഗികൾക്കായുള്ള ഒരു സാനിറ്റോറിയത്തിലേക്കാണ് തോമസ് മൻ മാജിക് മൗണ്ടനിലൂടെ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ആധുനിക നോവലിലെ അത്ഭുതം എന്നാണീ കൃതിയെ വിശേഷിപ്പിക്കുന്നത്. യുദ്ധത്തിനു തൊട്ടുമുമ്പുള്ള യൂറോപ്യൻ ബൂർഷ്വാ സമൂഹത്തിന്റെ രോഗാതുരതയുടെ വെളിപ്പെടുത്തൽ കൂടിയാണീ നോവൽ. മരണം പതിയിരിക്കുന്ന മുറികളും മഞ്ഞുമൂടിയ അന്തരീക്ഷവും രോഗവും രോഗാതുരതയും രോഗമില്ലായ്മയും കൂടിക്കുഴയുന്ന മരണത്തിന്റെയും പ്രത്യാശയുടെയും പുസ്തകമാണ് മാജിക് മൗണ്ടൻ. എഴുതപ്പെട്ട നോവലുകളിൽ ഏറ്റവും മഹത്തായതിനൊപ്പമാണ് തോമസ് മനിന്റെ മാജിക് മൗണ്ടന്റെ നില.

## ലോകത്തെ ഞെട്ടിപ്പിച്ച നോവൽ മലയാളത്തിൽ





₹260

### ഇത് മനുഷ്യന്റെ ഭൂമി
**പ്രമൂദിയ അനന്തതൂർ**
**പരിഭാഷ: എസ് എ ഖുദ്സി**

ഡച്ച് അധിനിവേശത്തിൻകീഴിൽ ഇൻഡോനേഷ്യൻ സ്ത്രീകളിൽ മിക്കവരും ഡച്ചുകാരുടെ വെപ്പാട്ടികളായി കഴിയേണ്ടിവന്നു. അവർക്ക് വിദ്യാഭ്യാസവും മനുഷ്യാവകാശങ്ങളും ക്രൂരമായി നിഷേധിക്കപ്പെട്ടു. അധമമായ സാമൂഹികപദവിയാണ് അവർക്ക് വിധിക്കപ്പെട്ടത്. മിങ്കെയുടെ പത്നി ഇത്തരം അടിച്ചമർത്തലുകൾക്കും വിവേചനങ്ങൾക്കുമെതിരെ പോരാടുന്നതും അവൾ അഭിമുഖീകരിക്കുന്ന കയ്പേറിയ അനുഭവങ്ങളുമാണ് നോവലിന്റെ പ്രമേയം. 35 ലേറെ ലോകഭാഷകളിലേക്ക് വിവർത്തനംചെയ്യപ്പെട്ട ഈ മഹത്തായ നോവൽ അപൂർവചാരുതയാർന്ന ഭാഷാശൈലികൊണ്ടും പ്രക്ഷുബ്ധമായ പ്രമേയംകൊണ്ടും അനുപമമായ ഒരു പോസ്റ്റ് കൊളോണിയൽ ക്ലാസിക്കാണ് ഈ നോവൽ.

## ലോകത്തെ മികച്ച 12 നോവലുകളിൽ ഒന്നായി കണക്കാക്കപ്പെടുന്ന പുസ്തകം




₹190

### മഹാനായ ഗാറ്റ്സ്ബി
**എഫ് സ്കോട്ട്ഫിറ്റ്സ് ജെറാൾഡ്**
**പരി: കെ പി ബാലചന്ദ്രൻ**

1920 കളിലെ പ്രക്ഷുബ്ദമായ ന്യൂയോർക്ക് നഗരത്തിലേക്ക് 'അമേരിക്കൻ സ്വപ്നം' സാക്ഷാത്കരിക്കാൻ എത്തിച്ചേർന്ന നിക് കാരവേയുടേയും ചങ്ങാതിയുടെയും കഥ. അമേരിക്കൻ ചരിത്രത്തിലെ 'ജാസ് യുഗ'ത്തിന്റെ ഉള്ളറകളിലേക്ക് കടക്കുന്ന നോവൽ. അമേരിക്കൻ സ്വപ്നം എന്ന ആശയത്തിന്റെ വിമർശം. സ്കൂൾ സർവകലാശാലാ തലങ്ങളിൽ ലോകത്തെമ്പാടുമുള്ള കലാവിദ്യാർത്ഥികൾ പാഠപുസ്തകമായി കാണുന്ന വിശിഷ്ട കൃതി.




# വാക്കുകൾ കേൾക്കാൻ ഒരു കാലം വരും

**മധുപാൽ**

₹220

ഓർമകളുടെ, അനുഭവങ്ങളുടെ കഥപറച്ചിലാണ് മധുപാലിന്റെ വാക്കുകൾ കേൾക്കാൻ ഒരു കാലം വരും എന്ന പുസ്തകം. ഏകാന്തമായ തന്റെ യാത്രകളിൽ ഭൂതകാലത്തിന്റെ സ്വകാര്യതകളിലേക്കുള്ള ഒരു തിരിഞ്ഞു നടത്തം. ഇത്തരം ചില നടത്തങ്ങൾക്ക് ജീവിതത്തിന്റെ സങ്കീർണ്ണതകളെ, നിസ്സഹായതകളെ പ്രതിരോധിക്കാൻ കഴിയുമെന്ന് വായനക്കാരെ ഓർമിപ്പിക്കുകയാണ് ഈ കൃതി.

# ദേവസംഗീതം കേൾക്കുന്ന ജീവിതം

**മധുപാൽ**

മനുഷ്യൻ സംഗീതം കേൾക്കുന്നത് അവന്റെ ജീവൻ നിലനിൽക്കുന്നതിന് തുല്യമായാണ്. ചാക്കാലയ്ക്കും നാവോറിനും അവൻ സംഗീതത്തെ കൂട്ടുപിടിക്കുന്നു. സംഗീതമില്ലാത്ത അവസ്ഥകൾ അവന്റെ ജീവിതത്തിലുണ്ടാവുന്നേയില്ല. പ്രഭാതങ്ങൾ അമ്പലങ്ങളിലെ റെക്കോഡ് പാട്ടാണ്. പള്ളികളിലെ ബാങ്ക് വിളിയാണ്. അത് പിന്നെ റേഡിയോ പാട്ടിലേക്കും ടി വിയിലെ സിനിമാപ്പാട്ടിലേക്കും നീങ്ങും. അങ്ങനെ ജീവിതത്തിന്റെ സകലാവസ്ഥകളിലേക്കും സംഗീതം വഴി തെളിച്ചുകൊണ്ടുപോകുമെങ്കിൽ അതിലേറ്റവും പ്രിയമായതെന്തെന്നാലോചിക്കും. അനാഥമാകുന്ന ഒരു വഴിയിലെ കൂട്ടായി ഏതു ഗീതമാവും വിളിക്കാവുന്നത്. ഓരോ പാട്ടും ഓരോരുത്തർക്കും ഓരോ രീതിയിലാവും സ്പന്ദിക്കുന്നത്. പാട്ട് ഹൃദയത്തിന്റെ ഒഴുക്കാണെന്ന് കരുതും. സന്തോഷത്തിന്റെയും സന്താപത്തിന്റെയും കാലത്ത് ആശ്വാസത്തിന്റെ കാറ്റായി വരും. ബാല്യകൗമാരയൗവനത്തിന്റെ സഞ്ചാരങ്ങളിൽ വിയർപ്പിന്റെയും കാത്തുനിൽപിന്റെയും ശകാരത്തിന്റെയും വേദനയുടെയും മഴയും വെയിലുമാകും. ആരുടെയൊക്കെയോ ഓർമകളിൽ വീണ്ടും അന്നത്തെ പാട്ടുകളുണ്ടാവും. പിന്നെയത് സ്വകാര്യതയുടെ തലോടലാവും.

സിനിമാഭിനയം തുടങ്ങുന്നതിനുമുന്നെ സഹസംവിധായകനായി തുടങ്ങിയ തമിഴ് ചിത്രത്തിൽ ഒമ്പത് പാട്ടുണ്ടായിരുന്നു. അത് ചിത്രീകരിച്ചത് രാജീവ് അഞ്ചലായിരുന്നു. തങ്കക്കൊലുസ് എന്നായിരുന്നു ആ ചിത്രത്തിന്റെ പേര്. ഒമ്പത് പാട്ടുകളും വ്യത്യസ്തമായി വരണമെന്ന ആഗ്രഹത്തിൽ വിവിധമാനയിടങ്ങളിൽ അത് ചിത്രീകരിച്ചു. പത്മനാഭപുരം കൊട്ടാരത്തിൽ പെട്ടുപോകുന്ന രണ്ട് ചെറുപ്പക്കാരുടെ കഥയായിരുന്നു അത്. ഒരു അരമനയുടെ കഥയും. ഇശൈ തെൻട്രൽ ദേവയും കവിയരശ് വൈരമുത്തുവും ചിട്ടപ്പെടുത്തിയ ആ ഗാനങ്ങളിലൂടെ ഞാൻ സിനിമയെന്ന ലോകത്തെ ഗാനചിത്രീകരണരംഗങ്ങളിലേക്ക് സഞ്ചരിക്കുകയായിരുന്നു. പ്രണയത്തിന്റെയും പകയുടെയും ശൃംഗാരത്തിന്റെയും വേർപാടിന്റെയും ഹൃദയതാളമായിരുന്നു ആ പാട്ടുകളുടെ ശക്തി. നൃത്തത്തിന്റെ സാധ്യതകൾ എങ്ങനെ പാട്ടുകളിൽ വരുന്നുവെന്ന് ഞാൻ പഠിക്കുകയായിരുന്നു. തമിഴ് മലയാള സിനിമകളുടെ വഴികളിൽ പാട്ടുകൾ പ്രേക്ഷകഹൃദയങ്ങൾ ഏറ്റുവാങ്ങുന്നതും തൊട്ടറിയുകയായിരുന്നു.

സിനിമകളിൽ പാട്ടുപാടിയും നൃത്തം ചെയ്തും അഭിനയിച്ചിട്ടുണ്ട്. കാശ്മീരമെന്ന ആദ്യ സിനിമയിലെ പാട്ട് ഹരിയാനയിലെ കടുകുപാടത്തിലും ആഗ്രയിലെ താജ്മഹലിനുമുന്നിലെ യമുനാ നദിയുടെ തീരത്തും മൺമറഞ്ഞുപോയ ചക്രവർത്തിമാരുടെ ശവകുടീരങ്ങളിലുമായി ചിത്രീകരിച്ച് പ്രേക്ഷകമനസ്സുകളിൽ ഇടം നേടി. സിനിമകളിലെ പാട്ട് ചിത്രത്തിന്റെ കഥയും പശ്ചാത്തലവും നടീനടന്മാരുടെ പ്രകടനങ്ങളും മറന്നാലും കാലത്തെ അതിജീവിച്ച് നിൽക്കുന്നു. അത് ചിലപ്പോൾ ഈണത്തിന്റെയും സാഹിത്യത്തിന്റെയും ദൃശ്യത്തിന്റെയും ചന്തംകൊണ്ടാവും. പണ്ട് റേഡിയോയിൽ ഇഷ്ടപ്പെട്ട പാട്ടുകൾ കേട്ട് ആ നിമിഷങ്ങൾ ഓർമകളിലേക്കാവാഹിക്കും. ഇന്ന് ടെലിവിഷൻ എന്ന മാധ്യമം അതിന്റെ ദൃശ്യങ്ങൾകൂടി പകർന്നുനൽകും. ഒരഭിനേതാവിന്റെ കാഴ്ചയിൽ ആ ചിത്രങ്ങൾ പഴയ ഒരുപാടോർമകളും നൽകും. പോരു നീ വാരിളം ചന്ദ്രലേഖേ, താജ്മഹൽ തീർത്തൊരീ രംഗഭൂവിൽ.. എന്ന കാശ്മീരത്തിലെ പാട്ടിൽ കൂടുതലും താജിന്റെ പശ്ചാത്തലം തന്നെയായിരുന്നു. താജ്മഹൽ ഞങ്ങൾക്ക് ഷൂട്ട് ചെയ്യാൻ അനുവാദമില്ലായിരുന്നു. ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെ




ന്റ് അനുവാദം നൽകില്ലെന്ന് മനസ്സിലായപ്പോൾ എങ്ങനെ താജിനെ അതിന്റെ പൂർണതയിൽ കിട്ടുമെന്ന അന്വേഷണ മായിരുന്നു ഞങ്ങളെ യമുനയുടെ കരയിലേക്ക് നയിച്ചത്. അതൊരു കഷ്ടപ്പെട്ട യാത്രതന്നെയായിരുന്നു. വരണ്ടുവിണ്ട പാടത്തുകൂടെ വഴിയില്ലാത്ത ഇടവഴിയിലൂടെ അന്യരുടെ വീട്ടുമുറ്റത്തുകൂടെ ഞങ്ങൾ യമുനയുടെ കരയിലെത്തുന്നു. ചെളി പിടിച്ച് ഒരു കറുത്ത ദ്രാവകം- നഗരമാലിന്യം നിറഞ്ഞ ഒരു ഓട, അതായിരുന്നു യമുന. നിൽക്കാനാവാത്തവിധം അസഹ്യമായ ഗന്ധവും. പക്ഷേ, അവിടെനിന്നുള്ള താജിന്റെ കാഴ്ച ഗംഭീരം തന്നെയായിരുന്നു. എല്ലാ പ്രതിബന്ധങ്ങളും സഹിച്ച് ആ പാട്ട് സെല്ലുലോയ്ഡിലാക്കി. ഇന്നും ടെലിവിഷനിൽ ആ ഗാനം വരുമ്പോൾ നല്ല അഭിപ്രായം കിട്ടുന്നു. ആ സ്ഥലത്തുനിന്ന് മണിരത്നം എന്ന സംവിധായകൻ ഇരുവർ എന്ന ചിത്രത്തിലെ ഒരു പാട്ട് ചിത്രീകരിച്ചിട്ടുണ്ട്. എനിക്കിപ്പോൾ പാട്ട് കമ്പോസിങ് മുതൽ സിനിമ തിയേറ്ററിലെത്തുന്നതിനു മുമ്പ് ടെലിവിഷനിൽ കൊടുക്കുന്നതുവരെയുള്ള പിടച്ചിലാണ്. ആളുകളുടെ പ്രതികരണമറിയുന്നതുവരെയുള്ള വേവലാതി. അതൊരു സുഖകരമായ നീറുന്ന കാത്തിരിപ്പാണ്.

അഭിനയിച്ച സിനിമകളിലെ പാട്ട് തന്നെയാണ് ഞാനെന്നും ഇപ്പോൾ കൂടെ കൊണ്ടുനടക്കുന്നത്. അതിലേറ്റവും പ്രിയം രാജീവ് അഞ്ചൽ സംവിധാനം ചെയ്ത 'ഗുരു' എന്ന ചിത്രത്തിലെ ദേവസംഗീതം എന്ന ഗാനമാണ്. അത് കാഴ്ചയുടെയും സാഹിത്യത്തിന്റെയും ഈണത്തിന്റെയും നവ്യാനുഭവമാകുന്നു. 1997 ൽ സേലത്തിനടുത്ത് ഒരു മാഗ്നസൈറ്റ് ക്വാറിയിൽ എഴുപത്തിരണ്ട് ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ ഒരു പാട്ട്. ഏകദേശം എഴുപതെട്ടോളം ഷോട്ടുകളിലൂടെ എന്നും അതികാലത്തും പോക്കുവെയിലിലും ചിത്രീകരിച്ചു. ആ പാട്ട് ഒരു തേങ്ങലായിരുന്നു. അതിന്റെ ആദ്യവരി നീറുന്ന ഒരു ഹൃദയത്തിന്റെ വേദന പൂണ്ട നിലവിളിയായിരുന്നു. ഒരു കാമുകന്റെ വിരഹത്തിന്റെ സങ്കടം, ഒരു സാമീപ്യത്തിനുവേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹം.

ദേവസംഗീതത്തിന് തുല്യമായിരുന്നു ആ കാമുകി. ദേവസംഗീതം നീയല്ലേ എന്ന വരി കാറ്റിലെങ്ങുനിന്നോ ഒഴുകിവരുമ്പോലെ. അന്ധന്മാരുടെ താഴ്‌വരയിൽ എത്തിപ്പെട്ട ഒരു കാഴ്ചയുള്ളവന്റെ കഥ. അവൻ കാണുന്ന കാഴ്ചകൾ കാഴ്ചയില്ലാത്തവരുടെ ജീവിതം. കാഴ്ചയും അന്ധതയും ആരുടേതെന്ന് തിരിച്ചറിയുന്ന മനുഷ്യന്റെ കഥ. എസ് രമേശൻനായരായിരുന്നു ആ വരികളെഴുതിയത്.

(പുസ്തകത്തിൽനിന്ന്)




# അടൂരിന്റെ ചലച്ചിത്ര യാത്രകൾ


**എം എഫ് തോമസ്**

₹220


മലയാളസിനിമയ്ക്ക് ആഗോളതലത്തിൽ ഇടം നേടിക്കൊടുത്ത ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണന്റെ ചലച്ചിത്രങ്ങ ളോരോന്നും കാലത്തിന്റെ അടയാളമുദ്രകളാണ്. സ്വയംവരം മുതൽ പിന്നെയും വരെ എണ്ണം പറഞ്ഞ ചലച്ചിത്രങ്ങൾ, മലയാളിയുടെയും മലയാളസിനിമയുടെയും കാഴ്ചാശീലങ്ങളിൽ ആഴത്തിലുള്ള പരിവർത്തനങ്ങൾ സാധ്യമാക്കിയവയാണ്. മലയാളസിനിമയുടെ രാജശില്പി എന്ന നിലയിൽ അടയാളപ്പെടുത്തപ്പെട്ട അടൂരിന്റെ ചലച്ചിത്രങ്ങൾ ഓരോന്നും മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ തന്നെ യായിരുന്നു. ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ചോദ്ഘാടകൻ. നവസിനിമയുടെ അടിത്തറയൊരുക്കിയ പ്രതിഭ എന്നീ നിലകളിൽ ലബ്ധപ്രതിഷ്ഠനായ അടൂരിന്റെ ചലച്ചിത്രയാത്രകളെ ആഴത്തിൽ അടയാളപ്പെടുത്തുന്ന ഗ്രന്ഥമാണ് അടൂരിന്റെ ചലച്ചിതന്മാത്രകൾ

## ചെറുകഥയുടെ രാജശില്പി


ടി പത്മനാഭൻ




**യാത്ര കഥകൾ**
ടി പത്മനാഭൻ
വില: 170




**ടി പത്മനാഭൻ കഥയും പൊരുളും**
എഡിറ്റർ: നാരായണൻ കാവുമ്പായി
വില: 200





**പത്മനാഭന്റെ വഴിയിൽ**
പയ്യന്നൂർ കുഞ്ഞിരാമൻ
വില: 180


---

## പുതിയ കാലത്തിന്റെ കാഴ്ചകളെയും അനുഭവങ്ങളെയും ചേർത്തുവെക്കുന്ന രചനകൾ


സി വി ബാലകൃഷ്ണൻ




**എഡ്വിൻ പോൾ**
വില: 160




**പുരുഷാരം**
വില: 470




**ആദ്യകാലം**
വില: 200

# കുട്ടികളുടെ പുസ്തകങ്ങൾ

## വിചിത്രം വിസ്മയം

**നാരായണൻ കാവുമ്പായി**

വിസ്മയങ്ങളുടെ ഒരു ലോകത്തെ തുറന്നു വയ്ക്കുന്ന പുസ്തകം കുട്ടികളിൽ വിജ്ഞാനവും അന്വേഷണത്വരയും വർദ്ധിപ്പിക്കുന്ന കൃതി.




## കുട്ടികളും ആവർത്തന പട്ടികയും

**ഡോ. ആർ പ്രസന്നകുമാർ**

ആവർത്തനപ്പട്ടിക നൂറ്റമ്പതു വർഷം പിന്നിട്ട വേളയിൽ ആവർത്തനപ്പട്ടികയുടെ ചരിത്ര - വർത്തമാനകാല വിശദാംശങ്ങളെയും ഉപയോഗങ്ങളെയും രസകരമായ ഒരു ലഘുനോവലായി അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥം. ശാസ്ത്രപഠനത്തിൽ പുതിയൊരു വഴിത്തിരിവു സൃഷ്ടിക്കുന്ന ഗ്രന്ഥം.




## പരിസ്ഥിതി ശാസ്ത്രക്വിസ്

**എസ് ഹരിപ്രിയ**

പരിസ്ഥിതി ശാസ്ത്രവ്യവഹാരത്തിൽ പരാമർശിക്കപ്പെടുന്ന നിരവധി പദങ്ങളും പ്രയോഗങ്ങളും നിർവചനങ്ങളോ വിശദീകരണങ്ങളോ വേണ്ടുന്നവയാണ്. ഈ രൂപങ്ങളിൽ ലഭിക്കുന്ന അറിവുകളാണ് മനസ്സിൽ സ്ഥായിയായി നില്ക്കുന്നത്. അത്തരം ചില പദങ്ങളും പ്രയോഗങ്ങളുമാണ് ശ്രീമതി ഹരിപ്രിയ ഇവിടെ അവതരിപ്പിക്കുന്നത്.




## സസ്യലോകത്തിലെ കൗതുകങ്ങൾ

**ഡോ. ഷീജാകുമാരി കൊടുവഴന്നൂർ**

അസാധാരണമായ സ്വഭാവ സവിശേഷതകളുള്ള സസ്യങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ പുസ്തകത്തിൽ.





## കവിത്രയം

## ആശാൻ ഉള്ളൂർ വള്ളത്തോൾ

**പയ്യന്നൂർ കുഞ്ഞിരാമൻ**

മലയാളഭാഷയുടെയും കവിതയുടെയും അഭിമാനമായ കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ ജീവിതത്തെയും കവിതകളെയും അടുത്തറിയാൻ. കവിത്രയങ്ങളുടെ കാവ്യജീവിതത്തിലൂടെ ഒരു സഞ്ചാരം. 260




## കുട്ടികളുടെ തച്ചോളി ഒതേനൻ

**പന്ന്യന്നൂർ ഭാസി**

വടക്കൻപാട്ടുകഥകളിലെ വീരനായകനായ തച്ചോളി ഒതേനന്റെ ജീവിതത്തെ പരിചയപ്പെടുത്തുന്ന കൃതി. മുന്നൂറ്റമ്പത് കൊല്ലങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഒതേനനെ രസകരമായി അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം കുട്ടികളെ വായനയുടെ പുതിയ ലോകത്തേക്കു നയിക്കും.



# രാഷ്ട്രീയ ജാഗ്രതയോടെ




വർഗ്ഗീയകലാപങ്ങളെക്കുറിച്ച് നിരവധി പഠനങ്ങളുണ്ടായിട്ടുണ്ട്. സാമൂഹ്യശാസ്ത്രത്തിന്റെ സ്ഥൂല വീക്ഷണങ്ങൾ ഇത്തരം ഹിംസാത്മക രാഷ്ട്രീയത്തിന്റെ പൊതുവായ ഉറവിടങ്ങൾ നമുക്ക് പറഞ്ഞുതരാറുമുണ്ട്. എന്നാൽ സൂക്ഷ്മതലത്തിൽ വർഗ്ഗീയതയെ വീക്ഷിക്കുന്ന ആഖ്യാനങ്ങൾ കുറവാണ്. രേവതി ലോളിന്റെ അനാട്ടമി ഓഫ് ഹേറ്റ് പ്രസക്തമാകുന്നത് ഇവിടെയാണ്. ഗുജറാത്ത് കലാപത്തെ കേന്ദ്രീകരിച്ച് ഒരു ദശകക്കാലം നടത്തിയ മാധ്യമപ്രവർത്തനങ്ങളിൽനിന്നുമുള്ള രേവതി ലോളിന്റെ കണ്ടെത്തലുകൾക്ക് ഒരു പ്രത്യേകതകൂടിയുണ്ട്. ഇരകളുടെ ദയനീയാവസ്ഥയെ വിശകലനം ചെയ്യുന്ന പതിവ് സമ്പ്രദായങ്ങൾക്കപ്പുറം വേട്ടക്കാരന്റെ മനസിനെ തേടിയുള്ള അന്വേഷണമാണിവിടെ രേവതി നടത്തുന്നത്.

₹260



സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളുമായി ബന്ധപ്പെട്ട തന്റെ മുന്നിലെത്തിയ സുപ്രധാന കേസുകൾ മുൻ മദ്രാസ് ഹൈക്കോടതി ജസ്റ്റിസ് ചന്ദ്രു രേഖപ്പെടുത്തുന്നു. തങ്ങൾ നേരിട്ട അതിക്രമങ്ങൾക്കെതിരെ, നിയമവഴികളിലൂടെ പോരാടി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന, ധൈര്യവും നിശ്ചയദാർഢ്യവുമുള്ള സ്ത്രീകളുടെ ഈ കഥകൾ  സാമൂഹിക നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക്  ശക്തി പകരുന്നു.

₹140






# കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി

**കോ**ൺഗ്രസ് സോഷ്യലിസ്റ്റ് പാർടിആയിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് അവസാനത്തിലും 1934 ആദ്യവും ആണല്ലോ ഞങ്ങൾ (കണ്ണൂർ ജയിലിലും മറ്റും രൂപംകൊണ്ട തീവ്രവാദിഗ്രൂപ്പിൽപ്പെട്ട് കോൺഗ്രസുകാർ) പുതിയ രീതിയിൽ രാഷ്ട്രീയ പ്രവർത്തനം നടത്താൻ തുടങ്ങിയത്.

ഇതേ കാലത്ത് മറ്റ് പല സംസ്ഥാനങ്ങളിലും ഇത്തരം തീവ്രവാദിഗ്രൂപ്പുകൾ രൂപംകൊണ്ട് തുടങ്ങിയിരുന്നു. 1930 - 32 ലെ സിവിൽ നിയമലംഘനം തുടങ്ങുന്നതിനുമുമ്പുതന്നെ പ്രവർത്തിച്ചുകൊണ്ടിരുന്ന പല വിപ്ലവഗ്രൂപ്പുകളും ആ സംസ്ഥാനങ്ങളിലുണ്ടായിരുന്നു. അവയിൽ മിക്കതും ചെറു ചെറു ഗ്രൂപ്പുകളായിരുന്നു. മാത്രമല്ല, തുടർച്ചയായ അറസ്റ്റുകളും മറ്റ് പൊലീസ് നടപടികളും നിമിത്തം അവയുടെ പ്രവർത്തനം പലേടത്തും തടസപ്പെട്ടുമിരുന്നു. ഉദാഹരണത്തിന് 1922-23 നുശേഷം പതുക്കെപ്പതുക്കെ രൂപം പ്രാപിക്കാൻ തുടങ്ങിയ കമ്യൂണിസ്റ്റ് പാർടി 1929-ൽ നടന്ന അറസ്റ്റുകളുടെയും തുടർന്ന് നടന്ന ഗൂഢാലോചനക്കേസിന്റെയും ഫലമായി മിക്കവാറും പ്രവർത്തനരഹിതമായിരുന്നു. ഇവയിൽ പലതിനും പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനുള്ള സാഹചര്യം 1933 - 34 ഓടുകൂടി വളർന്നുവരാൻ തുടങ്ങി.

ഇതിലും പ്രധാനമായ മറ്റൊരു സംഭവവികാസം ആണ് കോൺഗ്രസുകാരുടെ ഇടയിൽ പൊതുവിൽ പ്രകടമാകാൻ തുടങ്ങിയ ഇടത്തോട്ടുള്ള ചായ്‌വ്. സിവിൽ നിയമലംഘനം തുടങ്ങിയ അവസരത്തിൽ അതിനനുകൂലമായ നല്ല ഒരു അന്തരീക്ഷം ഉണ്ടായിരുന്നുവെങ്കിലും അത് സംഘടിപ്പിച്ച രീതി യഥാർഥ വിപ്ലവകാരികളായ കോൺഗ്രസുകാരെ ആരെയും തൃപ്തിപ്പെടുത്തിയില്ല. പോരെങ്കിൽ നിയമലംഘനപരിപാടിയിൽ നിന്ന് ജനശ്രദ്ധ തിരിക്കുകയും അവസാനം അതിനെ നാമാവശേഷമാക്കുകയും ചെയ്യാൻ ഇടയാക്കിയ ഗാന്ധിയുടെ നിരാഹാരസമരവും തുടർന്നുള്ള പരിപാടിയിലും കോൺഗ്രസുകാരിൽ പൊതുവെ അമർഷം ഉളവാക്കി. കോൺഗ്രസിന്റെ ആഭിമുഖ്യത്തിലും ഗാന്ധിയുടെ നേതൃത്വത്തിലും നടക്കുന്ന ദേശീയ സ്വാതന്ത്ര്യസമരത്തിൽ എന്തോ സാരമായ തകരാറുണ്ടെന്ന ബോധം അവരുടെ ഇടയിൽ വ്യാപിച്ചു. കുറെക്കൂടി ഫലപ്രദമായ രീതിയിൽ ദേശീയസമരം സംഘടിപ്പിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് അവർ ആലോചിക്കാൻ തുടങ്ങി. ഇങ്ങനെ ഇടതുപക്ഷത്തേക്കുള്ള ചായ്‌വ് പ്രകടിപ്പിച്ചുകൊണ്ടുള്ള കോൺഗ്രസുകാരുടെ എണ്ണം പഴയ കമ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് ഗ്രൂപ്പുകളിലെ മെമ്പർമാരുടെതിനേക്കാൾ എത്രയോ കൂടുതലുണ്ടെന്ന വന്നു. ഇവരാകട്ടെ തങ്ങളുടെ വികാരങ്ങൾക്ക് രൂപം നൽകുന്ന ചില പുതിയ പരിപാടികൾ ആവിഷ്കരിക്കാനും സംഘടനകൾക്ക് രൂപം നൽകാനും തുടങ്ങി.

ഈ പ്രക്രിയയുടെ ഭാഗമായി സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ കോൺഗ്രസുകാരെല്ലാം ഒന്നിച്ച് സംഘടിതമായി പ്രവർത്തിക്കാൻ പ്രയോജനപ്പെടുന്ന ഒരു പുതിയ പാർടി ചില സംസ്ഥാനങ്ങളിൽ രൂപം പ്രാപിച്ചു. അതിന്റെ പേരാണ് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടി. ഇത് സംബന്ധിച്ച വിവരങ്ങൾ പത്രങ്ങളിൽ നിന്ന് മാത്രമാണ് ഞങ്ങൾക്ക് കിട്ടിയിരുന്നത്. അതിന്റെ സംഘാടകൻമാരിൽ ഒരാളുമായും ഞങ്ങൾക്കാർക്കും നേരിട്ട് ബന്ധമില്ല. അവരിൽ ആരും കത്ത് മുഖേനപോലും ഞങ്ങളുമായി ബന്ധപ്പെടാൻ ശ്രമിച്ചതുമില്ല. എങ്കിലും പത്രങ്ങളിൽനിന്ന് കിട്ടിയ വിവരം വെച്ച് നോക്കുമ്പോൾ ഇതൊരു നല്ല സംരംഭമാണെന്ന് ഞങ്ങൾക്ക് തോന്നി. അതിനെക്കുറിച്ച് കൂടുതൽ മനസിലാക്കാൻ ആഗ്രഹമുണ്ടെങ്കിലും അതിന് സൗകര്യമില്ല. അങ്ങനെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടി ഇവിടെയും സംഘടിപ്പിക്കേണ്ടതുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിനുവേണ്ട പ്രവർത്തനം എങ്ങനെ നടത്തണമെന്നും എല്ലാം ഉള്ള കാര്യങ്ങൾ വ്യക്തമായ യാതൊരു ധാരണയും ഇല്ലാത്ത സ്ഥിതിയിലായിരുന്നു ഞങ്ങൾ.

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടി എന്ന ഒരു സംഘടന രൂപീകരിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, ഞങ്ങളുടെ പ്രായോഗിക പ്രവർത്തനങ്ങളുടെ പോക്ക് സോഷ്യലിസ്റ്റ് ആശയഗതി പ്രചരിപ്പിക്കുക, സുസംഘടിതമായ പ്രവർത്തനത്തിലൂടെ കോൺഗ്രസ് സംഘടനയെ ശക്തിപ്പെടുത്തുക, അതിനകത്ത് ഇടതുപക്ഷശക്തികളെ ബലപ്പെടുത്തുക - ഇതൊക്കെയായിരുന്നു.

സോഷ്യലിസ്റ്റ് ആശയം സംബന്ധിച്ച് ഞങ്ങളുടെ ധാരണകൾ അപൂർണവും അവ്യക്തവുമായിരുന്നു. എങ്കിലും ഞങ്ങൾക്കുള്ള ധാരണയെങ്കിലും അന്നുണ്ടായിരുന്ന പ്രചാരണസൗകര്യമുപയോഗിച്ച് ജനങ്ങളുടെ ഇടയിൽ വ്യാപിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചു. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ച് പറയത്തക്ക വിവരമൊന്നുമില്ല. എന്നാൽ അവയുടെ സജീവപ്രതീകമാണ് സോവിയറ്റ് യൂണിയനെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. എന്തുകൊണ്ടെന്നാൽ, മുതലാളിത്തലോകത്തിൽ അതിഭയങ്കരവും സർവവ്യാപിയുമായ ഒരു സാമ്പത്തികക്കുഴപ്പം നടമാടുന്ന സമയമാണത്. അതേയവസരത്തിൽ സോവിയറ്റ് യൂണിയൻ അതിന്റെ ഒന്നാംപഞ്ചവത്സര പദ്ധതി വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റൊരു രാജ്യത്തിലും മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര ത്വരിതമായി അവിടത്തെ സമ്പദ്‌വ്യവസ്ഥ പുരോഗമിക്കുകയാണ്. മുതലാളിത്തവ്യവസ്ഥയുടെ തിന്മയും സോഷ്യലിസത്തിന്റെ മേൻമയും വ്യക്തമാവാൻ ഇതിൽക്കൂടുതൽ എന്തെങ്കിലും വേണമോ? സോഷ്യലിസത്തിന്റെ മൗലികപ്രമാണങ്ങൾ സംബന്ധിച്ച് താത്വികാടിസ്ഥാനത്തിൽ പഠനം നടത്താൻ സൗകര്യം കിട്ടിയിട്ടില്ലാത്ത ഞങ്ങൾക്ക് സോഷ്യലിസത്തിന് അനുകൂലമായ അഭിപ്രായം സ്വയം ഉണ്ടാവാനും അത് ജനങ്ങളോട് പറയാനും സഹായിച്ച വസ്തുതയാണിത്.

(ഇ എം എസ് ആത്മകഥയിൽനിന്ന്)

# ദേശാഭിമാനി ബുക്ക്ഹൗസ്

## ബ്രാഞ്ചുകൾ

| | | |
|---|---|---|
| കണ്ണൂർ | : | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ്, കണ്ണൂർ ☎ 04972700477 |
| കണ്ണൂർ | : | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര ☎ 04972702400 |
| കോഴിക്കോട് | : | മാവൂർ റോഡ്, ടി വി എസിനു സമീപം, കോഴിക്കോട് ☎ 04952723528 |
| കോഴിക്കോട് | : | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ, കോഴിക്കോട് ☎ 04952727201 |
| തൃശ്ശൂർ | : | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ, തൃശ്ശൂർ ☎ 9037352833 |
| തൃശ്ശൂർ | : | എക്സിബിഷൻ യൂണിറ്റ്, സി പി രമേശൻ, തൃശ്ശൂർ ☎ 9562282676 |
| എറണാകുളം | : | കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ, എറണാകുളം ☎ 04842361055 |
| തിരുവനന്തപുരം | : | കരിമ്പനാൽ സ്റ്റാച്യു അവന്യൂ, തിരുവനന്തപുരം ☎ 9048943555 |
| തിരുവനന്തപുരം | : | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ്, തിരുവനന്തപുരം ☎ 04712303026 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905 • ചീരാൽ റോഡ്, ചുങ്കം, സുൽത്താൻബത്തേരി ☎ 9447447286 • പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615 • വൈപ്പിൻ ബസ്സ്റ്റാന്റ്, വൈപ്പിൻ ☎ 9446828332 • നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671 • കോട്ടയം: പോസ്റ്റാഫീസ് റോഡ്, കോട്ടയം ☎ 8075937583 • തിരുവനന്തപുരം: ഓവർബ്രിഡ്ജ്, തിരുവനന്തപുരം ☎ 9496141638 • ഇ എം എസ് അക്കാദമി തിരുവനന്തപുരം • സാഫല്യം കോംപ്ലക്സ്, പാളയം • കുറ്റനാട് ☎ 9447765993 • കാഞ്ഞങ്ങാട് ☎ 9995948808 • നിലമ്പൂർ ☎ 9447630679 • തൃശ്ശൂർ ☎ 9388987309

## ചിന്ത ബുക്സ് കോർണറുകൾ

പയ്യന്നൂർ: ഡിസംബർ ബുക്സ് ☎ 9847504233 • തലശ്ശേരി: ഓപ്പൺബുക്സ് ☎ 9847503242 • പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851 • കോട്ടയം: ഗ്രാന്റ് ബുക്സ്, ടി ബി റോഡ് ☎ 04812566800 • ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226 • പത്തനംതിട്ട: പുസ്തകശാല, പത്തനംതിട്ട ☎ 9447278762 • അഞ്ചപ്പം, റാന്നി ☎ 9745050981 • കടയ്ക്കൽ: എം ആർ എസ് ന്യൂസ് കോർണർ ☎ 9447012462 • കൊല്ലം: ഗ്രന്ഥപ്പുര, ചിന്നക്കട, കൊല്ലം ☎ 9497755727 പുസ്തകവീട്, കരുനാഗപ്പള്ളി ☎ 9447091802 • പുസ്തകസരസ്സ്, പ്രസ് ക്ലബ്ബിന് എതിർവശം, കുന്നുമ്മൽ, മഞ്ചേരി റോഡ്, മലപ്പുറം – 676505 ☎ 6282527443 • പഗോഡ ബുക്ആർട്ട്, കാഞ്ഞിരമറ്റം ബൈപ്പാസ് റോഡ്, ആക്സിസ് ബാങ്കിന് സമീപം, തൊടുപുഴ ☎ 9495495360 • ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ ☎ 7592858969 • ദർശനം ബുക്സ്, ധനുവച്ചപുരം ☎ 9446967575 • റാഷണൽ ബുക്മാർക്കറ്റ്, പട്ടത്താനം, കൊല്ലം ☎ 9074627416 • സ്കൂൾ മാർട്ട്, ഹൈസ്കൂൾ ജംഗ്ഷൻ, പറക്കോട്, പത്തനംതിട്ട

## അംഗീകൃത ഏജന്റുമാർ

തിരുവനന്തപുരം: ശിവൻ, പത്രമാസിക ഏജന്റ് ☎ 9447262761 • കരുനാഗപ്പള്ളി: തൊടിയൂർ രാധാകൃഷ്ണൻ ☎ 9847015212 • ആലപ്പുഴ: സലിം ഡി ☎ 9496017648, ഷാജി ☎ 9349758047 • ഇടുക്കി: പി പി സുനിൽ അടിമാലി ☎ 9446800706 • തൃശ്ശൂർ: മൊയ്തീൻ ☎ 9526486313 ഷെരീഫ് ☎ 7510710703 • പാലക്കാട്: ശശി ☎ 9495502434, കൃഷ്ണകുമാർ ☎ 9447623191 ലളിത ☎ 9656197748 പ്രസാദ് ഒറ്റപ്പാലം ☎ 9567223207 • കോഴിക്കോട്: ശ്രീനിവാസൻ ☎ 9447390280 സജീവൻ മാണിക്കോത്ത് ☎ 9388545700 വാസുദേവൻ ☎ 8086267793 മോഹൻദാസ് ബി വി ☎ 9745489903 നിതിൻമൂടാടി ☎ 9745201535 രവീന്ദ്രൻ ടി എം ☎ 9388960073, നൗഷാദ് • കണ്ണൂർ: രാജേഷ് കെ വി, കണ്ണൂർ ഠൗൺ ☎ 9895025920 സതീഷ്, ബാംഗ്ലൂർ ☎ 9448212262 എബിഫ്രാൻസിസ് ☎ 9633288802

Availableonline: www.chinthapublishers.com | www.pusthakakada.com
www.indulekha.com | www.sparrowbooks.in | www.keralabookstore.com

കേരള ബുക്മാർക്കറ്റിങ് സൊസൈറ്റിയുടെ എല്ലാ പുസ്തകശാഖകളിലും, സി ഐ സി സി ബുക്ക്ഹൗസിലും, ഡിസി ബുക്സിലും മാതൃഭൂമി ബുക്സിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം – 695035
(p) 0471 2303026 (e) chinthapublishers@gmail.com (w) www.chinthapublishers.com